നം.കെഎസ്എ.കെടിഎം.പി.13-1958/2018 തീയതി : 15.11.2018

## *കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്*

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 24-10-2018 ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.10.2018 മുതൽ 24.10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ പ്രസാദ്.പി.ജി | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി ഇന്ദുലേഖ.എ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുധാജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ രഞ്ജിത്ത്.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ബാബുരാജ്. കെ.ബി | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ലിസി ചെറിയാൻ<br>ശ്രീമതി ഗ്രേസി കരിമ്പന്നൂർ | 01.04.2017 മുതൽ 19.05.17 വരെ<br>14.06.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ ജോജി സി ജോൺ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി സുജ തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ കെ കെ തോമസ്<br>ശ്രീ തമ്പാൻ പാറയിൽ | 01.04.2017 മുതൽ 18.11.2017 വരെ<br>04.12.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി അന്ന എൽസ ബിനു | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ ബിജുകുമാർ എം | 01.04.2017 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ തോമസ് ബോബി മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ബിനോയ് പി മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി. | ഡോ. പ്രദീപ് എബ്രഹാം | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ. സുകുമാരി | 01.04.2017 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ. അനി പി പ്രകാശം | 01.04.2017 മുതൽ 03.09.2017വരെ |
| | ഡോ.നാൻസമ്മ തമ്പി | 04.09.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി സന്മമകുമാരി റ്റി എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ബീന സി ജെ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ഷാന്റി എ കെ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ (LSGD) | ശ്രീമതി ദീപ കൃഷ്ണൻകുട്ടി | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഉദയകല പി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ലൈസാമ്മ | 01.04.2017 മുതൽ |

| | | |
|---|---|---|
| | സേവ്യർ | 31.03.2018 വരെ |

(ഡി) ഉള്ളടക്കം



| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| 2-1 | വസ്തുനികുതി ഉപയോഗക്രമത്തിന്റെയടിസ്ഥാനത്തിൽ ഈടാക്കിയില്ല |
| 2-2 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-3 | ഡി ആന്റ് ഒ ട്രേഡ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-4 | ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകിയില്ല |
| 2-5 | അംഗീകാരമില്ലാതെ ചികിത്സ നടത്തുന്ന ലൈസൻസില്ലാത്ത സ്ഥാപനത്തിനെതിരെ നാളിതുവരെ നിയമാനുസൃത നടപടി സ്വീകരിച്ചില്ല |
| 2-6-1 | കെട്ടിട നിർമ്മാണാനുമതി--രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ |
| 2-6-2 | കേരള പഞ്ചായത്ത് രാജ് ആക്ട് -കെട്ടിട നിർമ്മാണ നിയന്ത്രണചട്ടങ്ങളുടെ നടത്തിപ്പ് ഫലപ്രദമല്ല |
| 2-6-3 | ചെറിയാൻ ഹോളിസ്റ്റിക് സെന്റർ-കെട്ടിടനിർമ്മാണ അനുമതി നൽകുന്നത് സംബന്ധിച്ച് |
| 2-7 | രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-8 | ഇ-ടെണ്ടർ തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കിയില്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഓണം അഡ്വാൻസ് തുക പൂർണ്ണമായും തിരികെ ഈടാക്കിയിട്ടില്ല |
| 3-2 | സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ--അപാകതകൾ--ചെലവ് തടസ്സപ്പെടുത്തുന്നു |

| | |
|---|---|
| | |
| 3-3 | ഇൻസിനേറ്റർ പ്രവർത്തന സജ്ജമാക്കിയിട്ടില്ല |
| 3-4 | ഐ.എസ്.ഒ. സർട്ടിഫിക്കേഷനമായി ബന്ധപ്പെട്ട നവീകരണപ്രവൃത്തികൾ--പൊതുപണത്തിന്റെ ദുർവ്യയം |
| 3-5 | പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി വാങ്ങിയ സ്ഥലം--കേസ് നടത്തിപ്പിലെ വീഴ്ചമൂലം തനത്ഫണ്ടിന് ഭീമമായ നഷ്ടം |
| 3-6 | എയ്റോബിക് കമ്പോസ്റ്റ്-പൂർണ്ണമായി പ്രവർത്തനസജ്ജമാക്കിയിട്ടില്ല |
| 3-7 | കന്നുകുട്ടി പരിപാലനം-വിനിയോഗവിവരം ലഭ്യമാക്കുന്നത് |
| 3-8 | പകൽവീട് മുന്നൊരുക്കപ്രവർത്തനങ്ങൾ-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ-2,94,870/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-9 | ഗ്രാമീണചന്തയ്ക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ- പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 3-10 | ചട്ടപ്രകാരമല്ലാതെ ബാങ്ക് അക്കൗണ്ട് ആരംഭിച്ചു |
| 3-11 | ശ്യാമപ്രസാദ് മുഖർജി അർബൻ മിഷൻ (SPMRM) സംബന്ധിച്ച് |
| 3-12 | ആശ്രയ |
| ഭാഗം 4 - പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |

| | |
|---|---|
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ട സ്ഥിരനിക്ഷേപങ്ങളുടെ വിവരം |
| അനുബന്ധം-3 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-4 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-5 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 21.03.2017 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|

| | | |
|---|---|---|
| മുന്നിരിപ്പ് | 12076855 | 16505292.65 |
| വരവ് | 198591000 | 95882397 |
| ആകെ | 210667855 | 112387689.65 |
| ചെലവ് | 203197000 | 82127679 |
| നീക്കിയിരിപ്പ് | 7470855 | 30260010 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ചെലവുകളുടെ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതായി മിനിറ്റ്സ്ബുക്കുകളിൽ ചേർത്തിട്ടുണ്ടെങ്കിലും അവ ജനറൽ കമ്മിറ്റി പരിഗണിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(5) പ്രകാരം, ഒരു വർഷത്തിനിടയ്ക്ക് പഞ്ചായത്തിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവർത്തികൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമായി വന്നാൽ, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകവും പുതുക്കിയതും ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി (റിവൈസ്ഡ് ബജറ്റ്)അംഗീകാരം വാങ്ങേണ്ടതാണ്. ആയതുപ്രകാരം മണർകാട് ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് പുതുക്കി 16.01.2018-ൽ അംഗീകാരം വാങ്ങിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 16.05.2018ലെ 3(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് സമയപരിധിക്കുള്ളിൽ എയിംസ് (Audit Information Management System) സോഫ്റ്റ്വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 02.06.2018 ലെ A2-102/18 കത്ത് പ്രകാരം 12.06.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 13.06.2018, 14.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 20.06.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി13-1130/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ വിശകലനം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 16505292.65 |
| വരവ് | 95882397 |
| ആകെ | 112387689.65 |
| ചെലവ് | 82127679 |
| നീക്കിയിരിപ്പ് | 30260010.65 |

## 1-5 ഫണ്ട് വിനിയോഗം

മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 12413000 | 12413000 | 11877425 | 535575 | 95.68 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 3149076 | 3149076 | 3009194 | 139882 | 95.55 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 653734 | 653734 | 230500 | 423234 | 35.25 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 10151000 | 10151000 | 10097995 | 53005 | 99.47 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 3060234 | 3060234 | 1992240 | 1067994 | 65.1 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10726969 | 10726969 | 4920518 | 5806451 | 45.87 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 773707 | 773707 | 630137 | 143570 | 81.44 |
| പെർഫോമൻസ് ഗ്രാന്റ് (സെൻട്രൽ) | 0 | 330297 | 330297 | 277679 | 52618 | 84 |
| തൊഴിലുറപ്പ് പദ്ധതി(MNREGS) | 6837 | 5336322 | 5343159 | 5340654 | 2505 | 99.95 |
| സംയുക്ത പ്രോജക്ട് (Joint Venture) | | 2293017 | 2293017 | 518912 | 1774105 | 22.63 |
| തനത് ഫണ്ട്(ജനറൽ പർപ്പസ് ഫണ്ട്) | 0 | 9322441 | 9322441 | 4214288 | 5108153 | 45.2 |

## 1-6 പദ്ധതി അവലോകനം.

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യവാർഷികപദ്ധതിയാണ് 2017-18 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 9-1-2017ലെ സർക്കാർ ഉത്തരവ് (എം.എസ്)10/2017 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന: സംഘടിപ്പിക്കുകയും 3/2017 ൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട് )പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയാറാക്കിയ കരട് പ്രോജക്ടുകൾ 4/2017 ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 15-5-2017ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി

ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 3.05.2017ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2017-18 വാർഷികപദ്ധതിക്ക് അംഗീകാരം നല്കുകയും 31.3.2018-ലെ 490/17/ DPC/DPO/KTM പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ നിർവ്വഹണാംഗീകാരവും ലഭിച്ചു.

ആകെ അടങ്കൽ – ₹ 135922818

ആകെ ചെലവ് – ₹ 37856119

ആകെ 182പ്രോജക്ടുകൾ നടപ്പിലാക്കിയെങ്കിലും 2 എണ്ണം ഭാഗികമായാണ് നടപ്പിലായത്. അംഗീകാരം ലഭിച്ച 99 പ്രോജക്ടുകൾ ഉപേക്ഷിച്ചു. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

അംഗീകാരം ലഭിച്ച 281 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 12 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതി കളുടെ എണ്ണം | അടങ്കൽ | | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 4 | 4 | 721997 | 644409 | 89 |
| 2. | വെറ്ററിനറി സർജൻ | 4 | 4 | 1886456 | 769772 | 41 |
| 3. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 4 | 3 | 15130000 | 597397 | 3 |
| 4. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 1 | 180000 | 100000 | 56 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| 6. | വി.ഇ.ഒ. | 9 | 7 | 5085656 | 2601320 | 51 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 5 | 5 | 3873500 | 2578995 | 67 |
| 8. | സെക്രട്ടറി | 58 | 26 | 48549335 | 6345695 | 13 |
| 9. | ഹെഡ്മാസ്റ്റർ | 3 | 3 | 915467 | 913967 | 99.8 |
| 10. | അസിസ്റ്റന്റ് എഞ്ചിനീയർ | 182 | 123 | 56306388 | 20470595 | 36 |

| | | | | | | |
|---|---|---|---|---|---|---|
| 11. | അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 2025050 | 1585000 | 78 |
| 12. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 948969 | 948969 | 100 |
| | ആകെ | 281 | 182 | 135922818 | 37856119 | 28 |

കാർഷികമേഖലയിൽ നെൽകൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി നൽകൽ, നെൽ വിത്ത് ഫലവൃക്ഷത്തൈ വിതരണം, തുടങ്ങിയവയാണ് കൃഷിഓഫീസർ നടപ്പിലാക്കിയത്. പ്രോജക്റ്റുകൾ കാര്യക്ഷമമായി നിർവഹിച്ചതായി ഇതുസംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ വ്യക്തമായി. എന്നാൽ കാർഷികമേഖലയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പ്രോജക്ടുകളുടെ നിർവഹണ മോണിട്ടറിംഗ് പ്രക്രിയകളിൽ ഫലപ്രദമായി ഇടപെട്ടതിന്റെ വിവരങ്ങളില്ല.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്റ്റ് മെഡി.ഓഫീസർ,പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. എന്നാൽ 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുവെന്നുള്ളത് ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നേട്ടമാണ്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്നനിലയിൽ ഈ പ്രോജക്റ്റിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കുന്നുണ്ട്

അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടത്തുന്നതായി കാണപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ട് പ്രോജക്റ്റ് നിർദേശങ്ങൾ ഉണ്ടാവുകയും അങ്കണവാടികളുടെ മെയിന്റനൻസിന് 4 പ്രോജക്റ്റുകൾ വയ്ക്കുകയും ചെയ്തു. എന്നാൽ സ്പിൽ ഓവറായ മഠത്തിനാൽചിറ അങ്കണവാടികെട്ടിടനിർമാണം എന്ന പ്രോജക്ട് പൂർത്തിയാക്കുക മാത്രമാണുണ്ടായത്. ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 25 അങ്കണവാടികളിൽ 11എണ്ണം വാടകക്കെട്ടിടത്തിലാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. എന്നാൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാവുന്നുണ്ട്.

എസ്.എസ്.എ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സ്കൂളുകളിൽ പരിശോധന നടത്തുന്നതിന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ജനറൽകമ്മിറ്റിക്ക് ശുപാർശ നല്കിയെങ്കിലും പരിശോധന നടത്തിയില്ല.

ധനകാര്യം,വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്റ്റുകൾ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു.ആകെ 58 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 26 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. അതിൽതന്നെ 14 എണ്ണം പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നവീകരണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവയാണ്. കൂടാതെ 2 അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ, തെരുവ് വിളക്ക് വാങ്ങൽ, തെരുവ് വിളക്ക് അറ്റകുറ്റപ്പണി തുടങ്ങിയ പ്രവൃത്തികളും നടപ്പാക്കി.

പൊതു മരാമത്ത് പ്രവൃത്തികൾ- ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും പോരായ്മകൾ

കേരള പഞ്ചായത്ത് രാജ് നിയമം 162 എ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്.ഈ മേഖലയിൽ 2017-18 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) വികസന സ്റ്റാന്റിങ്ങ് കമ്മറ്റി പൊതുമരാമത്ത് പ്രവൃത്തികൾ മോണിറ്ററിങ്ങ് നടത്തുന്നില്ല

പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിങ്ങ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവർത്തികളിലൊന്നിലും പദ്ധതി നിർവ്വഹണ കലണ്ടർ, പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് എന്നിവ കാണുന്നില്ല. പ്രവൃത്തി ഫയലുകൾക്കൊപ്പമുള്ള മോണിറ്ററിങ്ങ് റിപ്പോർട്ടിൽ വർക്കിങ്ങ് ഗ്രൂപ്പ് ചെയർമാന്റെ ഒപ്പ്, പദ്ധതിയുടെ പേര്, ചെലവ് തുക എന്നിവ മാത്രമാണ് ചേർത്തിരിക്കുന്നത്. പദ്ധതി ലക്ഷ്യം കൈവരിച്ചോ, ഗുണഭോക്താക്കളുടെ വിശദാംശം, പ്രോജക്റ്റിൽ ലക്ഷ്യമിട്ട എല്ലാ പ്രവർത്തനവും നടന്നോ, നിർവ്വഹണം തൃപ്തികരമാണോ തുടങ്ങിയ വിശദാംശങ്ങളൊന്നും ചേർത്തിട്ടില്ല.

2) പദ്ധതികൾ പൂർത്തീകരിക്കുന്നില്ല.

പഞ്ചായത്തിൽ തൻ വർഷം പൊതു മരാമത്ത് മേഖലയിൽ 182പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 123എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. പദ്ധതി രൂപീകരണം മുതൽ പദ്ധതി പൂർത്തീകരണം വരെയുള്ള ഘട്ടങ്ങളിൽ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടായിട്ടില്ല. ആകെ 56306388/- രൂപ വകയിരുത്തിയെങ്കിലും 20470595 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (36 %). സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പുതിയ പ്രവർത്തികളേറെയും നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ മാത്രമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്.

ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

3) ചുമതലകളുടെ നിർവ്വഹണത്തിൽ ശ്രദ്ധിക്കണം

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 123 പ്രവർത്തികളിൽ നൂറോളം പ്രവർത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. തൻ വർഷം തുക വകയിരുത്തി നടപ്പിലാക്കാത്ത 59പദ്ധതികളിൽ ആമലക്കുന്ന് കുടിവെള്ളക്കുളം നിർമ്മാണം, മണർകാട് പി.എച്ച്.സി.കെട്ടിട നിർമ്മാണം, വിവിധ അങ്കണവാടികളുടെ അറ്റകുറ്റപ്പണി, പെരുമ്പഴക്കുന്ന് കുടിവെള്ള പദ്ധതിയ്ക്ക് പമ്പിംഗ് മെയിൻ എന്നിവ ഉൾപ്പെടുന്നുണ്ട്. പഞ്ചായത്ത് അനിവാര്യമായും മുൻഗണന നൽകിയും സമയ ബന്ധിതമായും നടപ്പിലാക്കേണ്ട ഇത്തരം പ്രവർത്തികൾക്ക് ഫണ്ട് വകയിരുത്തിയതിന് ശേഷം നടപ്പിലാക്കാതെ പാഴാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4) പദ്ധതി രൂപീകരണത്തിൽ ഗ്രാമ സഭാ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പരിഗണിക്കണം

ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമ സഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമ സഭയിലാണ്. ഗ്രാമ സഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല. അംഗൻവാടിയോട് ചേർന്ന് വയോജനക്ലബ് രൂപികരിയ്ക്കുക, 169-ാം നമ്പർ അംഗൻവാടിയ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിയ്ക്കുക എന്നിവ.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല. എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്.

## 1-7 തൊഴിലുറപ്പപദ്ധതി

തൊഴിലുറപ്പ പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 17

വാർഡുകളിലും കൂട്ടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 103 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 98 പ്രോജക്ടുകളിൽ 63 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 19065 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 722 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, തരിശുനിലങ്ങൾ കൃഷിക്ക് ഒരുക്കൽ, റോഡ് കോൺക്രീറ്റിങ്ങ്, കിണർ റീച്ചാർജിങ്ങ് തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം കാനറാബാങ്ക്, മണർകാട് ബ്രാഞ്ച് അക്കൗണ്ട് നം.0779101015284 മുഖേനയാണ് നടത്തുന്നത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 6837 | 437333 | 444170 | 441665 | 2505 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4898989 | 4898989 | 4898989 | 0 |
| | 6837 | 5336322 | 5343159 | 5340654 | 2505 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13800 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 3220700 | 266 |
| വിധവാപെൻഷൻ | 6487200 | 557 |
| വാർദ്ധക്യകാലപെൻഷൻ | 27684600 | 2255 |
| വികലാംഗപെൻഷൻ | 2604800 | 236 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 178300 | 22 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2018 തീയതി03.00 പി.എം.-ന് ഉത്തരവാദപ്പെട്ട

ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10580/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 <u>ആഭ്യന്തരനിയന്ത്രണം.</u>

ഓഡിറ്റ് മാന്വൽ ഭാഗം 1 അനുബന്ധം ബി യിലെ ചോദ്യാവലി അടിസ്ഥാനമാക്കി മണർകാട് ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പഠനവിധേയമാക്കി. മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ ആവശ്യകതയെപ്പറ്റിയും, അത് കാര്യക്ഷമമായി നിലനിർത്തേണ്ട ഉത്തരവാദിത്തത്തെപ്പറ്റിയും ഭരണസമിതിക്ക് ബോദ്ധ്യമുള്ളതായി വിവരശേഖരണത്തിൽ വ്യക്തമാകുന്നു. ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് മേധാവി ജീവനക്കാർക്ക് ജോലികൾ കൃത്യമായി വിഭജിച്ച് നല്കിയിട്ടുള്ളത് ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമാണ്.

അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് സർക്കാർ നിർദേശിച്ച പ്രകാരമുള്ള അക്കൗണ്ടിംഗ് സമ്പ്രദായം താരതമ്യേന മെച്ചപ്പട്ട നിലയിൽ നടപ്പിൽവരുത്തിയിട്ടുണ്ട്. ക്യാഷും, ബാങ്കുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ കൃത്യമായി പാലിച്ചുവരുന്നുണ്ട്. ഒരേ വ്യക്തികൾ തന്നെ പണം സ്വീകരിക്കുക, ബാങ്ക് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യുക, കണക്കുകളിൽ ഉൾപ്പെടുത്തുക എന്നീ പ്രക്രിയകൾ കൈകാര്യം ചെയ്യുന്നത് ക്രമക്കേടുകൾക്കിടയാക്കുമെന്നതിനാൽ ഈ പ്രവൃത്തികൾ വ്യത്യസ്ത ഓഫീസ് സെക്ഷനുകളുടെ ചുമതലയിലാക്കിയിട്ടുണ്ട്. എല്ലാ ചെലവുകൾക്കും വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അവശ്യം വേണ്ട പല വിശദാംശങ്ങളും വൗച്ചറുകൾക്കൊപ്പം വച്ചിട്ടില്ല എന്നത് വൗച്ചറുകളുടെ ആധികാരികത ഇല്ലാതാക്കുന്നു.
നികുതികളിലെ ദീർഘകാല കുടിശ്ശികകകൾ ഈടാക്കാനുള്ള നടപടികൾ ഫലപ്രാപ്തിയിലെത്തിയതായാണ് പരിശോധനയിൽ ബോദ്ധ്യമായത്. നികുതിപിരിവിൽ പഞ്ചായത്ത് അഭിനന്ദനാർഹമായ നേട്ടം കൈവരിച്ചു. വസ്തുനികുതിയിനത്തിലെ കുടിശ്ശിക വളരെയധികം കുറവായിട്ടുണ്ട്. ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിലൂടെ ലൈസൻസ് ഫീസ്, തൊഴിൽനികുതി ഇനങ്ങളിലായി വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്.

പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഓ നിലവാരത്തിലാക്കുന്നതിനായി പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ നടപടിക്രമങ്ങൾ പാലിക്കാതെ നടപ്പിലാക്കിയത് അധികച്ചെലവിന് കാരണമായി.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച എം.ബുക്കും ഫയലുകളും ശരിയായി സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണ സംവിധാനം മതിയായ കാര്യക്ഷമത ഇനിയും കൈവരിച്ചിട്ടില്ലയെന്നാണ് പരിശോധനകളിൽ വ്യക്തമാകുന്നത്.

ഫർണിച്ചറുകളുടെയും മറ്റ് ഉപകരണങ്ങളുടെയും സ്റ്റോക്ക്-

ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് നിരവധി ഫർണിച്ചർ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. കൂടാതെ മുൻവർഷങ്ങളിൽ വാങ്ങിയവയും നിലവിലുണ്ട്. ഇവ താൽക്കാലിക രജിസ്റ്ററിൽ ചേർത്ത് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഫർണിച്ചർ/ഉപകരണങ്ങൾ എന്നിവയ്ക്ക് കൃത്യമായി നമ്പർ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല

13.1.2010 ലെ സർക്കുലർ നമ്പർ 58608 / ഡി.ബി 2/2009 ത.സ്വ.ഭവ പ്രകാരം ആസ്തിരജിസ്റ്ററുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ്നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമായി. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററുകൾ നാളിതുവരെ എഴുതി പൂർത്തീകരിച്ച് സർക്കാർ സർക്കുലറിൽ നിർദ്ദേശിക്കും പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ & തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.06.2018-14.06.2018 | 05/2018 | റിപ്പോർട്ട് കിട്ടിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | തീയതി ലഭ്യമായില്ല | 2000-01 മുതൽ 2006-07 വരെ | No.LBA/HQ/II/8A /1254/71 dt. |

| | | | |
|---|---|---|---|
| | | | 28.5.2014 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2018-ലെ ജനറൽ ഫണ്ട് കൃത്യമല്ല.
3. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) കണക്കാക്കി ആസ്തിയായി അക്കൗണ്ട് ചെയ്ത് തുടങ്ങിയിട്ടില്ല (31.03.2018 തീയതി വരെ).
4. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ ആനുപാതിക തുകകളുമായി പൊരുത്തപ്പെടുന്നില്ല. 431910101-State Govt. Cesses/levies in Prperty Taxes – Control Account ശീർഷകത്തിൽ 31.03.2018 ലെ നീക്കിയിരിപ്പ് വസ്തുനികുതി ലഭിക്കാനുള്ള തുകയുടെ 5% ആയിരിക്കേണ്ടതാണ്. ടി ശീർഷകത്തിലുള്ള തുകയിൽ വ്യത്യാസമുണ്ട്.
5. വാടകരജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക വരവും വാർഷികകണക്കിലെ വിവരവും പൊരുത്തപ്പെടുന്നില്ല
6. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകിയ കാലഹരണപ്പെട്ട ചെക്കുകളുടെ മൂല്യം Liablity in Respect of Stale Cheque ശീർഷകത്തിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല.
7. B-4 പട്ടികയിലെ പല ശീർഷകങ്ങളിലെയും തുകകൾ 2011-12 വർഷം മുതൽ ലഭിച്ചതും തിരിച്ചറിയാനാകാത്തതുമാണ്.
8. ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് നൽകിയ കേന്ദ്രവിഹിതം അഞ്ചു ലക്ഷം രൂപ വാർഷിക ചെലവിൽ ഉൾപ്പെട്ടിട്ടില്ല.
9. ക്യാപ്പിറ്റൽ വർക്ക് ഇൻപ്രോഗ്രസ് ഹെഡിൽ പാർട്ട് ബിൽ നൽകിയ തുകയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല
10. റസീപ്റ്റ് ആന്റ് പേയ്മെന്റ് -ൽ മുൻ വർഷ നീക്കിയിരിപ്പും തൻവർഷനീക്കിയിരിപ്പും

തമ്മിൽ 11789-രൂപയുടെ വ്യത്യാസമുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ഉപയോഗക്രമത്തിന്റെയടിസ്ഥാനത്തിൽ ഈടാക്കിയില്ല

വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ₹30/-യും വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ₹50/- യുമാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന നികുതി നിരക്ക്. എന്നാൽ, താഴെപ്പറയുന്ന സംഗതികളിൽ വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കിയതായി കാണുന്നു.

1) ശ്രീ ഒ എ എബ്രഹാം, ഒറ്റപ്ലാക്കാലയ പടിഞ്ഞാറെക്കുറ്റ് എന്നയാളിന്റെ ഉടമസ്ഥതയിൽ 120 ച.മീ തറവിസ്തീർണ്ണമുള്ള XII/98 ബി നം.കെട്ടിടത്തിന് 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ₹30/-നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് (2013-14 ഒന്നാം അർദ്ധവർഷത്തിൽ).

2) 2013 ൽ വസ്തുനികുതി പുനർനിർണ്ണയിച്ചപ്പോൾ ശ്രീ അഭിലാഷ് റ്റി ജോർജ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ള 127 ച.മീ തറവിസ്തീർണ്ണമുള്ള XI/8 നം.കെട്ടിടത്തിന്റെ (ഗോഡൗൺ) മാറ്റം വന്ന ഭാഗത്തിന് (30 ച.മീ) 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ₹30/-നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.15) ക്ലറിക്കൽ പിശക് മൂലം സംഭവിച്ചിട്ടുള്ള അപാകതയാണെന്നും നികുതി യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. നടപടികൾ പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കിയില്ല

(എ) ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള ബാങ്ക്/ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും 2017-18 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|

| | |
|---|---|
| 1 | അരീപ്പറമ്പ് സർവ്വീസ് സഹ.ബാങ്ക്,മാലം ബ്രാഞ്ച് |
| 2 | നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ്,മണർകാട് |
| 3 | ചെറുകുന്നേൽ ഫൈനാൻസ്,തിരുവഞ്ചൂർ |
| 4 | HDFC ബാങ്ക്, ഒറവയ്ക്കൽ |
| 5 | കഴനിപ്പറമ്പിൽ ഫൈനാൻസിയേഴ്സ്, പാറമ്പുഴ |
| 6 | കുരുമല ഫൈനാൻസിയേഴ്സ്, മണർകാട് |
| 7 | ലോയൽ ബാങ്കേഴ്സ്, മണർകാട് |
| 8 | പാർത്ഥസാരഥി ഫൈനാൻസ്, മണർകാട് |
| 9 | പാരീസ് ട്രേഡേഴ്സ്, മണർകാട് |
| 10 | സുജ ഫൈനാൻസിയേഴ്സ്, തിരുവഞ്ചൂർ |
| 11 | വാരിക്കാട്ട് ബാങ്കേഴ്സ്, മണർകാട് |
| 12 | ജെ എസ് ഫൈനാൻസിയേഴ്സ്, മണർകാട് |
| 13 | പാതയിൽ ഫൈനാൻസിയേഴ്സ്, പെരുമാന്തൂർകുളം |
| 14 | കൊശമറ്റം ഫിനാൻസ്, ഒറവയ്ക്കൽ |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.19) ക്രമ നം.3,5,6,7 എന്നീ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി/ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. തുടർനടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

(ബി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204(ii)ന് അനുബന്ധമായ 1996ലെ കേ.പ.രാജ്(തൊഴിൽ നികുതി ചട്ടങ്ങൾ)ലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു കമ്പനിയ്ക്കോ അല്ലെങ്കിൽ വ്യക്തിക്കോ ഓഫീസോ ജോലിസ്ഥലമോ ഉണ്ടെങ്കിൽ അങ്ങനെയുള്ള കമ്പനി ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ബിസിനസ്സ് ചെയ്യുന്നതായോ വ്യക്തി തൊഴിലിലോ കലയിലോ ജോലിയിലോ അല്ലെങ്കിൽനിയമനത്തിലോ ഏർപ്പെട്ടിരിയ്ക്കുന്നതായോ കരുതപ്പെടുന്നതാണ്. ചട്ടം 3 പ്രകാരം ഇങ്ങനെയുള്ള ബിസിനസ്സ് അല്ലെങ്കിൽ തൊഴിൽ തുടർച്ചയായോ പലപ്പോഴായോ ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ചെയ്യുകയും എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിയ്ക്കുകയും ചെയ്താൽ കമ്പനി അല്ലെങ്കിൽ വ്യക്തി തൊഴിൽനികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥനാണ്. അതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതായിരുന്നു.

എന്നാൽ തൻവർഷം പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കോൺട്രാക്ടർമാരുടെ പേര് |
|---|---|
| 1 | ബിജു പീറ്റർ, മുളവേലിപ്പുറത്ത് |
| 2 | ഷാജി പി കുര്യാക്കോസ്, പനക്കൽ |
| 3 | ഷിബു അബ്രഹാം,കോലത്ത്,പാറമ്പുഴ |
| 4 | ജിനു ജോർജ്,ചേന്നടത്തിൽ |
| 5 | സാബു സെബാസ്റ്റ്യൻ, പുതുപ്പള്ളിക്കുന്നേൽ, അമയന്നൂർ |
| 6 | അനിൽ കെ കുര്യൻ .നീറിക്കാട് |
| 7 | എം.വി.വർഗീസ്, മണിമറ്റത്തിൽ |
| 8 | ഷാജി പി.കുര്യാക്കോസ്, പനയ്ക്കൽ, മണർകാട്. |
| 9 | രാജു അബ്രഹാം, തെക്കേപ്പറമ്പിൽ |
| 10 | റോയ് അബ്രഹാം, ചേരോലിയ്ക്കൽ, കുമ്മണ്ണൂർ |
| 11 | ആലി മാത്യു, മേച്ചേരിൽ, മണർകാട് |
| 12 | ബിജു സി പി,ചാമക്കാലായിൽ,തെള്ളകം |
| 13 | ഷാജി പി.കുര്യാക്കോസ്, പനയ്ക്കൽ, മണർകാട്. |
| 14 | കൊച്ചുമോൻ എം കുര്യൻ, ചിറക്കാട്ട് ഹൗസ്, മണർകാട് |

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.19) ക്രമ നം.9,11 എന്നിവരിൽ നിന്നും ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽനികുതി

ഈടാക്കിയിട്ടുണ്ടെന്നും എല്ലാ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. തുടർനടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

(സി) ഒന്നിലധികം ജീവനക്കാരെ/തൊഴിലാളികളെ ജോലിക്ക് നിയോഗിച്ചിട്ടുള്ള റബ്ബറധിഷ്ഠിതമായ ധാരാളം ചെറുകിട വ്യവസായ സ്ഥാപനങ്ങളും, ഹോട്ടൽ/ ബേക്കറി സ്ഥാപനങ്ങളും തടിമില്ലുകളും ഓട്ടോമൊബൈൽ വർക് ഷോപ്പുകളും മറ്റും ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഡി & ഒ ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സംഗതികളിൽ ഇത്തരം സ്ഥാപനങ്ങൾ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതിയടവു പരിധിയിൽ വരുന്ന ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. കൂടാതെ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനായി സമർപ്പിക്കുന്ന അപേക്ഷകളിൽ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സൂര്യ റബ്ബർ വർക്സ് | XI/570 | 09 |
| 2 | മറ്റത്തിൽ ഓട്ടോമൊബൈൽസ് | V/336 | 05 |
| 3 | നോഹാസ് ബ്രിക്സ്,മണർകാട് | XIII/417 A | 05 |
| 4 | ബയോണി ഇൻഡസ്ട്രീസ് | XIII/425 | 08 |
| 5 | ചെന്നീക്കര ഫ്യൂവൽസ് | XIII/386B | 04 |
| 6 | തരുൺ ഇൻഡസ്ട്രീസ് | XIII/435 | 04 |
| 7 | സരിത ഇൻഡസ്ട്രീസ് | XIII/433 | 04 |
| 8 | കാരുണ്യ റബ്ബേഴ്സ് | XIII/436 | 04 |
| 9 | ഈസ്റ്റേൺ റബ്ബേഴ്സ് | XIII/434 | 04 |
| 10 | മണർകാട് ഫ്യൂവൽസ് | XV/64A | 07 |
| 11 | ലിന്റാ റബ്ബേഴ്സ് | XVI/67 | 03 |
| 12 | ഏയ്ഞ്ചൽ പോളിമേഴ്സ് | XIII/362 | 09 |
| 13 | സെന്റ് മേരീസ് റബ്ബർ ഇൻഡസ്ട്രീസ് | XVI/409A | 06 |
| 14 | സീ ഫിഷറീസ് | V/63 | 08 |
| 15 | ഫ്രഷ് & കൂൾ ഹൈപർ മാർക്കറ്റ് | XIII/145 | 05 |

| | | | |
|---|---|---|---|
| 16 | മണർകാട് ടിമ്പർ ഇൻഡസ്ട്രീസ് | XII/526 | 05 |
| 17 | ചോലപ്പള്ളിൽ പോളിമേഴ്സ് | VI/503 | 05 |
| 18 | ജിയോ റബ്ബർ ഇൻഡസ്ട്രീസ് | XVII/356 | 08 |
| 19 | ഐഡിയൽ റബ്ബേഴ്സ് | XII/61 | 09 |
| 20 | കോട്ടയം ടിമ്പേഴ്സ് | XII/513 | 09 |
| 21 | കാർത്തിക് പോളിമേഴ്സ് | VI/242 | 08 |
| 22 | മന്നാ ഫുഡ്,മണർകാട് | XVI/445 | 05 |
| 23 | ക്രൗൺ ഡെന്റൽ ലാബ് | XVII/468 | 06 |
| 24 | ICMS ഇന്റർനാഷണൽ,മണർകാട് | IX/635 C,D | 10 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.19) ക്രമ നം.23ൽ പറയുന്ന സ്ഥാപനത്തിന്റെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിലെ തൊഴിൽനികുതിയുടെ പരിധിയിൽ വരുന്ന എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 2-3 ഡി&ഒ ട്രേഡ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

"സഞ്ചയ" യിലെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 1074 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ, ഗോഡൗൺ | 115 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ | 43 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 169 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 51 |
| 6 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായശാലകളുടെ ഓഫീസ് കെട്ടിടം | 103 |

| | | |
|---|---|---|
| | ഉൾപ്പെടെ) | |
| 7 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറിഷെഡ്, കയർപിരി ഷെഡ് | 29 |
| 8 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 109 |
| 9 | മൈക്രോ,സ്മോൾ ആന്റ് മീഡിയം എ.ഡെ.ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 |
| 10 | ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ്കോംപ്ലക്സ് മുറികൾ | 27 |
| | ആകെ | 1735 |

മേൽപരാമർശിച്ച പ്രകാരം വാണിജ്യ/വ്യവസായ/ഓഫീസ്/ഇതര ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 1735 കെട്ടിടങ്ങളുണ്ടെങ്കിലും ലൈസൻസോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 495 എണ്ണം മാത്രമാണ്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 538 സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. മേൽപ്പറഞ്ഞതിൽ നിന്നും വളരെയധികം സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാണ്.

ഡി&ഒ ട്രേഡ് ലൈസൻസ് ആവശ്യമായ വ്യാപാര/വ്യവസായങ്ങളുടെ വിവരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ ആയ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പട്ടിക 1 ൽ പ്രതിപാദിക്കുന്നുണ്ട്. പട്ടിക1 പ്രകാരം റേഷൻകടകളും അബ്കാരി/കള്ള് ഷാപ്പുകളും ഡി&ഒ ട്രേഡ് ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകളും കള്ള് ഷാപ്പുകളും പ്രസ്തുത ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്.

31.10.2017 ലെ സർക്കാർ ഉത്തരവ് നം.ജി.ഒ(പി) 80/17/ത.സ്വ.ഭ.വ പ്രകാരം ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട് എങ്കിലും അതിന് ശേഷവും പഴയ രീതിയിൽ തന്നെയാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത് .

മേൽപരാമർശിച്ച കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.14 )നൽകിയ മറുപടിയിൽ എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും 2018-19 സാമ്പത്തിക വർഷം മുതൽ ഭേദഗതി ചെയ്ത ചട്ടങ്ങൾ പ്രകാരമാണ് ലൈസൻസ് നൽകുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിക്കുകയും അതനുസരിച്ച് ഡി&ഒ ട്രേഡ് ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്നുറപ്പാക്കേണ്ടതുമാണ്.

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകിയില്ല

2016-17 വർഷം വാടകയ്ക്ക് നൽകിയിരുന്ന ഷോപ്പിംഗ് കോംപ്ലക്സ് നം.3 ലെ 3,4 നമ്പർ മുറികളും ഷോപ്പിംഗ് കോംപ്ലക്സ് നം.1 ലെ 9-ാം നമ്പർ മുറിയും 2017-18 വർഷം വാടകയ്ക്ക് നൽകിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.2) ഷോപ്പിംഗ് കോംപ്ലക്സ് നം.3 ലെ 3 ം നമ്പർ മുറി ഫ്രണ്ട് ഓഫീസിന്റെ ആവശ്യത്തിനായും 4 ം നമ്പർ മുറി കുടംബശ്രീ ഹെൽപ്പ് ഡെസ്ക് തുടങ്ങുന്നതിനായും ഷോപ്പിംഗ് കോംപ്ലക്സ് നം.1 ലെ 9 ം നമ്പർ മുറി ആംബുലൻസ് സൂക്ഷിക്കുന്നതിനായും ഉപയോഗപ്പെടുത്തുന്നതിലേയ്ക്കാണ് തൻവർഷം വാടകയ്ക്ക് നൽകാതിരുന്നത് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, ഹെൽപ്പ് ഡെസ്ക് സംവിധാനം ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. ആംബുലൻസ് സൂക്ഷിപ്പിനും ഹെൽപ്പ് ഡെസ്കിനും ബദൽ സംവിധാനം ഏർപ്പെടുത്തുന്നത് പരിശോധിക്കാവുന്നതും ഷോപ്പിംഗ് കോംപ്ലക്സിലെ 2 മുറികൾ വാടകയ്ക്ക് നൽകാതിരിക്കുന്നതുമൂലമുണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കാവുന്നതുമാണ്.

<u>കരാറിന്റെ ആധികാരികത ഉറപ്പാക്കിയില്ല</u>

തൻവർഷം ഷോപ്പിംഗ് കോംപ്ലക്സ് 2 ലെ കടമുറി നം.4 ന്റെ കുത്തകാവകാശം കരാർ വെച്ച് പുതുക്കി നൽകിയിട്ടുള്ളത് ശ്രീ ചെറിയാൻ കോര, പടിയറ എന്നയാൾക്കാണ്. എന്നാൽ ടി വ്യക്തി മരണമടഞ്ഞിട്ട് വർഷങ്ങളായി എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത കരാറിന്റെ ആധികാരികത സംബന്ധിച്ചും ജീവിച്ചിരിപ്പില്ലാത്ത ആൾക്ക് കടമുറി വാടകയ്ക്ക് നൽകിയത് സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.17) ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി 5 ശതമാനം നിരക്ക് വർദ്ധിപ്പിച്ച് തുടരാൻ ആഗ്രഹിക്കുന്നവർക്ക് നൽകി വരുന്നതാണ് എന്നും ബന്ധപ്പെട്ട വ്യക്തിയോ ഏജന്റോ സമ്മതപത്രമോ മുദ്രപത്രത്തിലുള്ള കരാറോ തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ ഏല്പിക്കുന്നതാണെന്നും ജീവനക്കാർ മാറി വരുന്ന സാഹചര്യത്തിൽ വാടകക്കാരെ വ്യക്തിപരമായി പരിചയമില്ലാത്തതിനാലാണ് ഈ വിഷയത്തിൽ പിഴവ് സംഭവിച്ചിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്. കരാറിലേർപ്പെടേണ്ടത് വാടകക്കാരനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിലാണ് എന്നിരിക്കെ, ഒരു ഏജന്റിന് അല്ലെങ്കിൽ ഏതൊരാൾക്കും ഒരു തിരിച്ചറിയൽ രേഖയുടെ പോലും പിൻബലമില്ലാതെ ഒരു സമ്മതപത്രം/വാടക കരാറൊപ്പിട്ട് നൽകാം എന്നത് ഭാവിയിൽ കോടതി വ്യവഹാരങ്ങളുണ്ടാകുകയാണെങ്കിൽ പഞ്ചായത്തിന് പ്രശ്നമാകാനിടയുണ്ട്. വാടകക്കാരന്റെ മരണം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി മുറി പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ, കടമുറികൾ നിലവിലുള്ള വാടകക്കാർക്ക് പുതുക്കി നൽകുമ്പോഴും ലേലത്തിൽ നൽകുമ്പോഴും നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ

ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

## 2-5 അംഗീകാരമില്ലാത്ത ചികിൽസ നടത്തുന്ന ലൈസൻസില്ലാത്ത സ്ഥാപനത്തിനെതിരെ നാളിതുവരെ നിയമാനുസൃത നടപടി സ്വീകരിച്ചില്ല.

എ.ജെ.ജോൺ ആണ്ടൂപ്പറമ്പിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള ചെറിയാൻ ആശ്രമം ഹോളിസ്റ്റിക് സെന്റർ എന്ന സ്ഥാപനത്തിന് 2013-14സാമ്പത്തിക വർഷം ലൈസൻസ് നൽകിയിരുന്നു. സ്ഥാപനത്തിൽ അംഗീകാരമില്ലാത്ത ചികിൽസയാണ് നടത്തുന്നത് എന്ന് സമീപവാസികൾ പരാതിപ്പെട്ടതിന്റെയും ഈവിഷയം കേരളത്തിലെ പ്രമുഖ ടിവി ചാനലുകളിൽ വാർത്തകൾ വന്നതിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ഉടമയോട് ആവശ്യപ്പെട്ടു. എന്നാൽ ഉടമ ആയത് ഹാജരാക്കിയില്ല. 2014-15 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയാണ് ഉടമസ്ഥൻ ചെയ്തത്. അപേക്ഷയോടൊപ്പം ഹാജരാക്കിയ സർട്ടിഫിക്കറ്റിന്റെ പകർപ്പിന് പകരം ജില്ലാ മെഡിക്കലാഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ലൈസൻസ് നൽകുവാനാവൂ എന്ന് സെക്രട്ടറി അറിയിച്ചു. സ്ഥാപന ഉടമ ഇതിനെതിരെ ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാൻ മുമ്പാകെ 526/14 നമ്പരായി ഹർജി ഫയൽ ചെയ്തു. അയത് ഇപ്പോഴും തീർപ്പാക്കിയിട്ടില്ല.

മേൽ പ്രസ്താവിച്ച സ്ഥാപനത്തിൽ നടത്തുന്ന കീലേഷൻ ചികിൽസാ രീതിക്ക് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും അനുമതി നൽകിയിട്ടില്ലായെന്നും അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ നാളിതുവരെയായി ഈ ഓഫീസിൽ നൽകിയിട്ടില്ലായെന്നും ജില്ലാ മെഡിക്കൽ ഓഫീസറുടെ 09-01-13 ലെ c-6/15392/12 നമ്പർ കത്തിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ നിന്നും മുൻ വർഷങ്ങളിൽ അപേക്ഷയോടൊപ്പം നൽകിയ സർട്ടിഫിക്കറ്റ് വ്യാജമാണ് എന്ന് വ്യക്തമാകുന്നു. ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാൻ മുമ്പാകെയുള്ള 526/14 നമ്പർ ഹർജിയിൽ ലൈസൻസ് നൽകാത്ത ഗ്രാമപഞ്ചായത്തിന്റെ നടപടി സ്റ്റേ ചെയ്യുകയോ, സ്ഥാപനം നടത്തുന്നതിന് ഉടമസ്ഥന് അനുമതി നൽകുകയോ ചെയ്തിട്ടില്ല. എന്നാൽ സ്ഥാപനം ലൈസൻസ് ഇല്ലാതെ ഇപ്പോഴും പ്രവർത്തിച്ചിട്ടും പഞ്ചായത്തധികാരികൾ നാളിതുവരെയായി യാതൊരു നിയമപരമായ നടപടിയും സ്വീകരിച്ചിട്ടില്ല. ജില്ലാ മെഡിക്കൽ ഓഫീസറുടെ 17-09-14 തീയതിയിലെ സി-2-19575/13 നമ്പർ ഉത്തരവ് പ്രകാരം മേൽ പ്രസ്താവിച്ച സ്ഥാപനത്തിൽ നടത്തുന്ന കീലേഷൻ ചികിൽസയ്ക്ക് ലൈസൻസ് നൽകുന്ന വിഷയത്തിൽ അംഗീകാരം നൽകുന്നത് ആരോഗ്യവകുപ്പിന്റെ

കീഴിൽ വരുന്ന വിഷയമല്ല എന്നറിയിച്ചിട്ടുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 270, 270 എ, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരമുള്ള നടപടികളോ നാളിതുവരെ സ്വീകരിക്കാത്തത് ക്രമപ്രകാരമല്ല. ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്നതും അംഗീകാരം ഇല്ലാത്ത ചികിൽസ നടത്തുന്നതുമായ സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തുന്നതിനാവശ്യമായ നിയമപരമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6-1 കെട്ടിട നിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നതെങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല. പ്രത്യേകിച്ച്, ഭാഗികമായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്കും നമ്പർ നൽകി നികുതി നിർണ്ണയിച്ച് നൽകുന്ന സംഗതികളിൽ തുടർ നിരീക്ഷണം അനുപേക്ഷണീയമാണ്.

കെട്ടിട നിർമ്മാണ അപേക്ഷയുടെ ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ് നൽകൽ,നിർമ്മാണ പൂർത്തീകരണം, ഒക്യുപ്പൻസി, നികുതിനിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. എന്നാൽ നിലവിൽ പെർമിറ്റിനും നമ്പറിംഗിനും വെവ്വേറെ ഫയലുകളാണ് പരിപാലിക്കുന്നത്. അനധികൃത കെട്ടിടനിർമ്മാണം, നികുതി ചോർച്ച എന്നിവ ഒരു പരിധി വരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്റ്ററും ഫയലുകളും പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6-2 കേരള പഞ്ചായത്ത് രാജ് ആക്റ്റ്- കെട്ടിട നിർമ്മാണ

## നിയന്ത്രണചട്ടങ്ങളുടെ നടത്തിപ്പ് ഫലപ്രദമല്ല

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യചുമതലയായ കെട്ടിടനിർമ്മാണ നിയന്ത്രണം നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ നിയന്ത്രണചട്ടങ്ങൾ പാലിച്ചാണ് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതെന്നും, അനധികൃതനിർമ്മാണം/ അനുമതിയില്ലാത്ത നിർമ്മാണം എന്നിവ നടക്കുന്നില്ലെന്നും പ്രാദേശിക ഭരണവ്യവസ്ഥ ഉറപ്പുവരുത്തണം. എന്നാൽ ഓഡിറ്റിന്റെ പരിശോധനയിൽ ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്ന സാധാരണ നടപടികൾ ഒഴികെ ഭരണപരമായ ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടാകുന്നില്ല എന്ന് വ്യക്തമാകുന്നു. പെർമിറ്റ് രജിസ്റ്റർ, വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

1. അനധികൃതനിർമ്മാണം/അനുമതിയില്ലാത്ത നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ നിയന്ത്രണചട്ടങ്ങളുടെ നടത്തിപ്പ് ഫലപ്രദമല്ല. അനധികൃത നിർമ്മാണം കണ്ടെത്തി നിയന്ത്രിക്കുന്നതിന് ശക്തമായ ഉദ്യോഗസ്ഥ/ഭരണ സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. ഫീൽഡ് ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി സ്റ്റോപ് മെമ്മോ നല്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്ററിൽ (unauthorised construction register) ചുവടെ സൂചിപ്പിക്കുന്ന കെട്ടിട ഉടമകളുടെ പേരുവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്

| ക്രമനം | കെട്ടിടമുടമയുടെ പേര്, മേൽ വിലാസം | പാർപ്പിടം/വാണിജ്യം/ മറ്റാവശ്യങ്ങൾക്കുള്ളത് |
|---|---|---|
| 1 | ട്രസ്റ്റി, സെന്റ് മേരീസ് ചർച്ച്, മണർകാട് | ഹോസ്പിറ്റൽ, കാന്റീൻ, ലാബ് |
| 2 | ട്രസ്റ്റി, സെന്റ് മേരീസ് ചർച്ച്, മണർകാട് | പാരീഷ് ഹാൾ, അനുബന്ധ കെട്ടിടങ്ങൾ |
| 3 | വികാരി, സെന്റ് മേരീസ് ചർച്ച്, അരീപ്പറമ്പ് | പാരീഷ് ഹാൾ |
| 4 | ട്രസ്റ്റി, സെന്റ് മേരീസ് ചർച്ച്, മണർകാട് | മാലം സൺഡേ സ്കൂൾ കെട്ടിടം |
| 5 | പി.ഇ.ചെറിയാൻ,സി.പി.ഐ.എം. ലോക്കൽ കമ്മറ്റി സെക്രട്ടറി, അരീപ്പറമ്പ് | സി.പി.ഐ.എം, ലോക്കൽ കമ്മറ്റി ഓഫീസ് കെട്ടിടം |

| | | |
|---|---|---|
| 6 | സൈജു, മാടവന, മണർകാട് | പാർപ്പിടം |
| 7 | രാധാമണി, നിരപ്പേൽ, മണർകാട് | പാർപ്പിടം |
| 8 | മാത്യുവർഗ്ഗീസ്. പോത്താനിക്കൽ, മണർകാട് | പാർപ്പിടം |
| 9 | കുഞ്ഞുമോൻ, ഇടപ്പള്ളിൽ, മണർകാട് | പാർപ്പിടം |
| 10 | ചന്ദ്രബോസ്, തേരുംകുന്നേൽ, മണർകാട് | പാർപ്പിടം |
| 11 | കുര്യൻ മാത്യു, പുല്ലാട് വയലിൽ, മണർകാട് | പാർപ്പിടം |
| 12 | പോൾ മാത്തൻ, ചാലക്കുഴി, മണർകാട് | പാർപ്പിടം |
| 13 | ജോസഫ്, വാതല്ലൂർ, മണർകാട് | പാർപ്പിടം |
| 14 | മാത്യൂ, കെ.വി കുറുമല, മണർകാട് | പാർപ്പിടം |
| 15 | ശാരദ, ശ്രീവിഹാർ, മണർകാട് | പാർപ്പിടം |
| 16 | രാജപ്പൻ പി.പി വയലാറ്റു മഠം, മണർകാട് | പാർപ്പിടം |

പ്രസ്തുത കെട്ടിടങ്ങൾക്കുമേൽ കെ.പി.ബി.ആർ റൂൾ 2011 റൂൾ 19-25 വരെയുള്ള ചട്ടങ്ങളിൽ സൂചിപ്പിയ്ക്കും പ്രകാരമുള്ള നിയമനടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

2.ക്രമവല്ക്കരണം - ഫീസ് ഇടാക്കുന്നതിൽ കുറവ്.

തദ്ദേശ സ്വയം ഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്ക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ സങ്കേതം സോഫ്റ്റ്‌വെയർ പ്രകാരം ക്രമവല്ക്കരണ കേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ജനറേറ്റ് ചെയ്ത് വരുന്നതും കക്ഷികളിൽ നിന്നും ഈടാക്കുന്നതും പഞ്ചായത്തിന് ഫീസിനത്തിൽ ലഭിക്കേണ്ട തുകയിൽ സോഫ്റ്റ്‌വെയർ അപാകം മൂലം കുറവുണ്ടാകുന്നത് സാങ്കേതിക വിഭാഗവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും, സോഫ്റ്റ്‌വെയർ നിലവിൽ വന്ന ശേഷം ക്രമവല്ക്കരണ കേസുകളിൽ ഈടാക്കിയ ഫീസ് പുന:പരിശോധിച്ച് കുറവു വന്ന തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-6-3 ചെറിയാൻ ഹോളിസ്റ്റിക് സെന്റർ-കെട്ടിടനിർമ്മാണ അനുമതി നൽകുന്നത് സംബന്ധിച്ച്

മണർകാട് പഞ്ചായത്തിലെ പതിനഞ്ചാം വാർഡിൽ എ.ജെ.ജോൺ ആണ്ടൂപ്പറമ്പിൽ എന്ന വ്യക്തി സ്പെഷ്യൽ റെസിഡൻസ് എന്നപേരിൽ ഒരു കെട്ടിടസമുച്ചയം പണിതിട്ടുണ്ട്. 4.05.2011ൽ 246/11നമ്പർ പെർമിറ്റ് പ്രകാരമാണ് എ.ജെ.ജോണിന്റെ പേരിലുള്ള 288/29നമ്പർ സർവ്വെയിൽ പ്പെട്ട വസ്തുവിന് സ്പെഷ്യൽ റെസിഡൻസ് എന്നപേരിൽ കെട്ടിടനിർമ്മാണ അനുമതി നൽകിയിട്ടുള്ളതാണ്. കെട്ടിടം നിർമ്മിയ്ക്കുന്നതിന് 2011ൽ നൽകിയ പെർമിറ്റിൽ സൂചിപ്പിച്ചിരുന്ന പ്ലിന്ത് ഏരിയയെക്കാൾ കൂടുതലായിരുന്നു പണി പൂർത്തിയാക്കിയപ്പോഴുള്ള പ്ലിന്ത് ഏരിയയെന്ന് അസി.എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് കെ.പി.ബി ആർ ന്റെ ലംഘനവും കെട്ടിടനികുതിയിൽ ഇളവുനേടുന്നതിന് നടത്തിയ ശ്രമവുമാണ്. കൂടാതെ 2011ൽ നിലവിൽ വന്ന വസ്തുനികുതി നിർണ്ണയം പ്രകാരം 'സ്പെഷ്യൽ റെസിഡൻസ് ' എന്നൊരു നിർവ്വചനവുമില്ല. മേൽസൂചിതവിവരങ്ങൾ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ മുൻപാകെ ഉള്ള ഒ.പി.നം1822/14 കേസിനനുബന്ധമായി സെക്രട്ടറി നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കേസിൽമേൽ തുടർനടപടികളൊന്നും സ്വീകരിച്ചതായി വ്യക്തമല്ല. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. രേഖകൾ പരിശോധിച്ചതിൽ, 9 സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്തിൽ തൻവർഷം രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത്. ആശുപത്രി എന്ന ഗണത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 46 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട് എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ രജിസ്റ്റർ ചെയ്യാതെ ഇത്തരം സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സെന്റ് മേരീസ് ആശുപത്രി, മണർകാട് |

| | |
|---|---|
| 2 | ദീപ്തി ആയുർവേദ ക്ലിനിക്, ഒറവക്കൽ |
| 3 | ഇൻസൈറ്റ് ഒപ്റ്റീഷ്യൻസ് & ഐ ക്ലിനിക്, മണർകാട് |
| 4 | ഇന്ദീവരം ആയുർവ്വേദ ഹോസ്പിറ്റൽ & ഐ ക്ലിനിക്, മണർകാട് |
| 5 | ജീവൻധന ആയുർവ്വേദക്ലിനിക്, മണർകാട് |
| 6 | ദീപ്തി നേഴ്സിംഗ് ഹോം, അരീപ്പറമ്പ് |
| 7 | ബയോ റിസർച്ച് ഡയഗ്നോസ്റ്റിക്, മണർകാട് |
| 8 | കെയർവെൽ ക്ലിനിക്, മണർകാട് |

ഇപ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതുകൊണ്ട് രജിസ്ട്രേഷൻ ഫീസ് കൂടാതെ തൊഴിൽ നികുതിയിനത്തിലും (സെന്റ് മേരീസ് ആശുപത്രി, മണർകാട് ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ട്) പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. മേൽ പരാമർശിച്ച സ്ഥാപനങ്ങളുൾപ്പെടെ എല്ലാ സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനും തൊഴിൽനികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 24) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 2-8 ഇ-ടെണ്ടർ തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ 2017-18 ൽ റർബൻ ഉൾപ്പെടെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടത്തിയിരുന്നു. ആകെ 34 പ്രവൃത്തികളാണ് ഇ ടെണ്ടർ നടത്തിയത്. ഇവയുടെ ടെണ്ടർഫീസ്, ഇ.എം.ഡി തുകകൾ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്ന് പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | അടങ്കൽ തുക | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 177- പഞ്ചായത്ത് ഓഫീസ് മുറ്റം റീ- കോൺക്രീറ്റിംഗ് (ET1) | 510328 | 4 | 1025 | 4100 |
| 2 | 22- നീലാണ്ടപ്പടി എൻഎസ്എസ് കരയോഗം റോഡ് റീടാറിംഗ് - വാർഡ് II (ET2) | 573588 | 3 | 1150 | 3450 |
| 3 | റർബൻ മിഷൻ /17-18 താഴത്തിക്കര- പായിപ്രപ്പടി- പൊരിയന്ത്രമറ്റം റോഡ് കോൺക്രീറ്റിംഗ് വാർഡ് 1 (ET-10) | 600000 | 8 | 1350 | 10800 |
| 4 | റർബൻ മിഷൻ /17-18 കഴിഞ്ഞത്തറ പുല്ലാട്ടുപടി റോഡ് കോൺക്രീറ്റിംഗ് വാർഡ് 1 (ET-23) | 500000 | 5 | 1150 | 5750 |
| 5 | റർബൻ മിഷൻ /17-18 വണ്ടനത്തുപടി പീടിയ്ക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് വാർഡ് II (ET-11) | 550000 | 3 | 1250 | 3750 |
| 6 | റർബൻ മിഷൻ /17-18 തുണ്ടിയിൽപ്പടി - പുലിപ്രക്കുന്നു റോഡ് കോൺക്രീറ്റിംഗ് വാർഡ് II (ET-24) | 550000 | 3 | 1250 | 3750 |
| 7 | റർബൻ മിഷൻ /17-18 ബ്രൂസ്‌ലി ക്ലബ് ഇടക്കരോട്ടുപടി റോഡ് കോൺക്രീറ്റിംഗ് വാർഡ് III (ET-25) | 500000 | 2 | 1150 | 2300 |
| 8 | റർബൻ മിഷൻ /17-18 പാലക്കോട്ടുപടി- ഉള്ളാട്ടുപടി- പെരുമാനൂർപടി- തെക്കേമൈലക്കാട് റോഡ് കോൺക്രീറ്റിംഗ് വാർഡ് III (ET-12) | 600000 | സിംഗിൾ ടെണ്ടർ – 1 റീടെണ്ടർ -3 | 1350 | 5400 |
| 9 | റർബൻ മിഷൻ /17-18 മഴവൻചേരിപ്പടി- കളപ്പുരയ്ക്കൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് IV (ET-13) | 700000 | 2 | 1570 | 3140 |

| | | | | | |
|---|---|---|---|---|---|
| 10 | റർബൻ മിഷൻ /17-18 മനവത്തുപടി - മഴുവൻചേരിപ്പടി- റോഡ് കോൺക്രീറ്റിംഗ് വാർഡ് IV (ET-26) | 400000 | 4 | 900 | 3600 |
| 11 | റർബൻ മിഷൻ /17-18 ചേലക്കുന്നു കുരിശ് - ഊരോത്തുപടി റോഡ് കോൺക്രീറ്റിംഗ് വാർഡ് V (ET-27) | 600000 | 4 | 1350 | 5400 |
| 12 | റർബൻ മിഷൻ /17-18 മൂലേപ്പീടിക – പാറമട റോഡ് കോൺക്രീറ്റിംഗ് വാർഡ് V (ET-14) | 500000 | 5 | 1150 | 5750 |
| 13 | റർബൻ മിഷൻ /17-18 തെക്കുംഭാഗം- മൂലേക്കുന്ന് റോഡ് കോൺക്രീറ്റിംഗ് വാർഡ് VI (ET-15) | 600000 | 5 | 1350 | 6750 |
| 14 | റർബൻ മിഷൻ /17-18 കുമ്പളപള്ളിപ്പടി - പള്ളിയാമ്പിൾപ്പടി റോഡ് കോൺക്രീറ്റിംഗ് വാർഡ് VI (ET-28) | 500000 | സിംഗിൾ ടെണ്ടർ – 1 റീടെണ്ടർ- 2 | 1150 | 3450 |
| 15 | റർബൻ മിഷൻ /17-18 തോട്ടപ്പള്ളി - പതിക്കപ്പടി റോഡ് കോൺക്രീറ്റിംഗ് വാർഡ് VII (ET-16) | 550000 | 3 | 1250 | 3750 |
| 16 | റർബൻ മിഷൻ /17-18 പുളിയായിപ്പടി- ആലക്കപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് വാർഡ് VII (ET-16) | 550000 | 5 | 1250 | 6250 |
| 17 | റർബൻ മിഷൻ /17-18 മാലം സ്കൂൾ- റേഷൻകടപ്പടി - കുന്നേൽപ്പടി റോഡ് കോൺക്രീറ്റിംഗ് വാർഡ് VIII (ET-17) | 600000 | 4 | 1350 | 5400 |

| | | | | | |
|---|---|---|---|---|---|
| 18 | റർബൻ മിഷൻ /17-18 മാലം വെയിറ്റിംഗ് ഷെഡ്- പെരുമന- കുന്നേൽപ്പടി റോഡ് കോൺക്രീറ്റിംഗ് വാർഡ് VIII (ET-30) | 500000 | 4 | 1150 | 4600 |
| 19 | റർബൻ മിഷൻ /17-18 പൊത്തനാനിയ്ക്കൽ- ഇഞ്ചിക്കാലാ റോഡ് കോൺക്രീറ്റിംഗ് വാർഡ് IX (ET-31) | 650000 | 6 | 1460 | 8760 |
| 20 | റർബൻ മിഷൻ /17-18 ഇട്ടിയേടത്ത്- കോളേജ് റോഡ് കോൺക്രീറ്റിംഗ് വാർഡ് IX (ET-18) | 450000 | 3 | 1010 | 3030 |
| 21 | റർബൻ മിഷൻ /17-18 പാലത്തിങ്കൽപ്പടി - കുന്നേൽപ്പടി റോഡ് കോൺക്രീറ്റിംഗ് വാർഡ് X (ET-32) | 300000 | 2 | 680 | 1360 |
| 22 | റർബൻ മിഷൻ /17-18 കൈപ്പള്ളി- വാതല്ലൂർ റോഡ് കോൺക്രീറ്റിംഗ് വാർഡ് X (ET-19) | 500000 | 2 | 1150 | 2300 |
| 23 | റർബൻ മിഷൻ /17-18 ഇലപ്പുങ്കൽപ്പടി- വലത്താട്ടുപടി റോഡ് കോൺക്രീറ്റിംഗ് വാർഡ് XI (ET-6) | 1100000 | 5 | 2500 | 12500 |
| 24 | റർബൻ മിഷൻ /17-18 ശങ്കശ്ശേരിൽ- താന്നിവേലിൽ - കണിയാംപറമ്പ് റോഡ് കോൺക്രീറ്റിംഗ് വാർഡ് XII (ET-33) | 600000 | 6 | 1350 | 8100 |
| 25 | റർബൻ മിഷൻ /17-18 അനുഗ്രഹ നഗർ റോഡ് കോൺക്രീറ്റിംഗ് വാർഡ് XII (ET-20) | 800000 | 5 | 9000 | |

| | | | | | |
|---|---|---|---|---|---|
| 26 | റർബൻ മിഷൻ /17-18 ഇഞ്ചിക്കാലാപ്പടി - വെള്ളിമാടംകുന്ന് റോഡ് കോൺക്രീറ്റിംഗ് വാർഡ് XIII (ET-34) | 600000 | 3 | 1350 | 4050 |
| 27 | റർബൻ മിഷൻ /17-18 കടുവാക്കുഴി- പെരുമാൾക്കുന്ന് റോഡ് കോൺക്രീറ്റിംഗ് വാർഡ് XIII (ET-21) | 500000 | 3 | 1150 | 3450 |
| 28 | റർബൻ മിഷൻ /17-18 ഐരാറ്റനട- കുറ്റിക്കാട്ടുപടി- പുളിമൂട് കവല- റോഡ് റീടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ് വാർഡ് XIV (ET-7) | 1100000 | 2 | 2500 | 5000 |
| 29 | റർബൻ മിഷൻ /17-18 കൈതമറ്റം- പൂട്ടുച്ചിറ റോഡ് റീടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ് വാർഡ് XV (ET-8) | 1100000 | 2 | 2500 | 5000 |
| 30 | റർബൻ മിഷൻ /17-18 തടത്തിമാക്കൽപ്പടി- തോട്ടത്തിൽപ്പടി റോഡ് കരിമ്പന്നൂർ ഭാഗം പടിഞ്ഞാറേക്കുഴി കോൺക്രീറ്റിംഗ് വാർഡ് XVI (ET-9) | 1100000 | 4 | 2500 | 10000 |
| 31 | റർബൻ മിഷൻ /17-18 പാലമുറി- പള്ളിക്കളം റോഡ് കോൺക്രീറ്റിംഗ് വാർഡ് XVII (ET-22) | 925000 | 4 | 2100 | 8400 |
| 32 | റർബൻ മിഷൻ /17-18 തോട്ടത്തിൽപ്പടി - കല്ലുവെട്ടം റോഡ് കോൺക്രീറ്റിംഗ് വാർഡ് XVII (ET-35) | 175000 | 2 | 560 | 1120 |

| | | | | | |
|---|---|---|---|---|---|
| 33 | റർബൻ മിഷൻ /17-18 ഞാറയ്ക്കൽപ്പടി- പള്ളിക്കുന്ന് ശ്മശാനം റോഡ് കോൺക്രീറ്റിംഗ് വാർഡ് VII (ET-37) | 313500 | 3 | 740 | 2220 |
| 34 | റർബൻ മിഷൻ /17-18 ഹോമിയോ ആശുപത്രി - പൊക്കനാമറ്റം റോഡ് കോൺക്രീറ്റിംഗ് വാർഡ് VI (ET-38) | 346500 | 2 | 820 | 1640 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഓണം അഡ്വാൻസ് തുക പൂർണ്ണമായും തിരികെ ഈടാക്കിയിട്ടില്ല.

2017-18 വർഷം വാർഷിക കണക്കിലെ ബി 18 ഷെഡ്യൂൾ പ്രകാരം 4000/-രൂപ ഓണം അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിക്കുവാനുണ്ട്. ഇതിൽ 3000/-രൂപ മുൻ വർഷങ്ങളിലും 1000/-രൂപ തൻ വർഷവും ലഭിക്കുവാനുള്ളതാണ്. ഈ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 206-17-18 |
| പ്രോജക്ട് | സ്ട്രീറ്റ് ലൈറ്റുകൾ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | 499000 |
| ചെലവ് | 498917 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി രണ്ടു ക്വട്ടേഷനുകൾ ക്ഷണിക്കുകയും രണ്ട് പേർക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി കരാർ നൽകുകയും ചെയ്തു. 25.8.17 ലെ 3-101/17-18 പ്രകാരമാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചത്. ആയതനുസരിച്ച് മൂന്ന് സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും ഡീപ് വെൽ

ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. ഡീപ് വെൽ ഏജൻസീസ് ചെയ്ത പ്രവർത്തിക്ക് ബിൽ നം 1170/17-18 പ്രകാരം 254150 രൂപ അനുവദിക്കുകയും ചെയ്തു. (ഇൻ വോയ്സ് നം-994/03.10.17). തുടർന്ന് വീണ്ടും ക്വട്ടേഷൻ വിളിക്കുകയും മൂന്ന സ്ഥാപനങ്ങൾ ക്വട്ടേക്ഷൻ സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹന്ന ഏജൻസീസ് ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിന്റെ ക്വട്ടേക്ഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ലഭ്യമായിട്ടില്ല. ഹന്ന ഇലക്ട്രിക്കൽസിന് ബിൽ നം.226/17-18 പ്രകാരം 244767/-രൂപ ടി പദ്ധതിക്ക് നൽകിയിട്ടുണ്ട് (ഇൻവോയ്സ് നം-211.29.01.18). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം-8, 23)യ്ക്ക്, ആഗോള തീർത്ഥാടന കേന്ദ്രമായ മണർകാട് പള്ളിയിലെ പെരുന്നാളിനോട് അനുബന്ധിച്ചാണ് ആദ്യത്തെ കരാർ നൽകിയതെന്നും ആയത് പൂർത്തീകരിച്ചതിന് ശേഷം ശേഷിക്കുന്ന തുകക്ക് ടെണ്ടർ വിളിക്കുകയും ചെയ്തുവെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ആയത് അംഗീകരിക്കാവുന്നതല്ല. പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെയോ മെമ്പർമാരുടെയോ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാങ്ങിയ ഉപകരണങ്ങളുടെ വാറന്റി സംബന്ധിച്ച യാതൊരു വിവരങ്ങളും ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ മേൽ പ്രോജക്ടിനായുള്ള 498917/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ഇൻസിനറേറ്റർ പ്രവർത്തന സജ്ജമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | 88/17-18 (സ്പിൽ ഓവർ) |
| പ്രോജക്ട് | ഇൻസിനറേറ്റർസ്ഥാപിക്കുന്നത് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ആകെ അടങ്കൽ | 693500 (പദ്ധതി വിഹിതം - ജനറൽ) |
| ആകെ ചെലവ് | 567499 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി പഞ്ചായത്ത് പരിസരത്ത് ഒരു ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഇൻസിനറേറ്റർ നാളിതു വരെ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ലെന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായി. ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിന് പഞ്ചായത്ത് ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നം-13). ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 567499 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇൻസിനറേറ്റർ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-4 ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട നവീകരണപ്രവൃത്തികൾ.- പൊതുപണത്തിന്റെ ദുർവ്യയം- 3438095 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2017-18 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയത് 24 പ്രോജക്ടുകളാണ്. ഇവയിൽ 14 എണ്ണവും ISO സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട പഞ്ചായത്തോഫീസ് നവീകരണം ഉൾപ്പെടെയുള്ള പ്രവൃത്തികളാണ്. ഇതിൽ 11 എണ്ണവും 2016-17 ൽ ആരംഭിച്ച് സ്പിൽ ഓവറായി തുടർന്നതുമാണ്. പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോ.നം/പേര് | ചെലവ് | ഫണ്ട്/ ബിൽനം/ ചെക്ക് നം | റിമാർക്സ് |
|---|---|---|---|---|
| 1 | 086/18, (സ്പിൽ ഓവർ), പഞ്ചായത്ത് ഓഫീസ്, ISO നിലവാരം. | 31155 | തനത് ഫണ്ട്/ചെക്ക്. 546147/6-10-17 | ഫയൽ ക്രമീകരണത്തിന് മസ്റ്റർ റോൾ അടിസ്ഥാനത്തിൽ കൂലി നല്കിയത്. |
| 2 | 098/18,(സ്പിൽ ഓവർ), മണർകാട് പഞ്ചായത്തോഫീസ് സംവിധാനപരിപാലനം. | 937175 | ധനകാര്യകമ്മീഷൻ ഗ്രാന്റ്. ബിൽനം. 895/17-18 906355/ ബിൽനം. 761/17-18 30820/ | റബ്കോയുടെ 16-3-18 ലെ ഇൻവോയ്സ് നം. RHW/16-17/551 പ്രകാരം നല്കിയത്. |
| 3 | 099/18(സ്പിൽ ഓവർ), ISO നിലവാരം ഓഫീസ്റൂം,ഹെൽപ്ഡെസ്ക്, ഫ്രണ്ടോഫീസ് ഫർണിഷിംഗ് | 359133 | വികസനഫണ്ട്. ബിൽനം.594/17-18/ 28-3-18 | "കാഡ്കോ"ഇൻവോയ്സ് KADCO/CRO/ SALE/2017-18/ 212/14-3-18 പ്രകാരം നല്കിയത്. |
| 4 | 100/18, (സ്പിൽ ഓവർ), സ്റ്റാന്റിംഗ് കമ്മിറ്റിചെയർമാൻ, അംഗങ്ങളുടെ മുറികളുടെ കാബിൻനിർമാണം,റൂംഫർണിഷിംഗ്. | 37109 | വികസനഫണ്ട്. ബിൽനം. 995/17-18/ 13-10-17 | "കാഡ്കോ"ഇൻവോയ്സ് നം.157/27-3-17 പ്രകാരം നല്കിയത്. |
| 5 | 101/18,(സ്പിൽ ഓവർ), പഞ്ചായത്തോഫീസ് ISO നിലവാരമാക്കുന്നതിന്റെ ഭാഗമായി ഫ്രണ്ടോഫീസ് ബാത്ത്റൂം, ഷെൽട്ടർ, സ്റ്റെയർകേസ്, എമർജൻസി എക്സിറ്റ്. | 127106 | ലോകബാങ്ക് സഹായം ബിൽനം. 994/17-18/ 13-10-17 | "കാഡ്കോ"ഇൻവോയ്സ് നം.158/27-3-17 പ്രകാരം നല്കിയത്. |
| 6 | 102/18,(സ്പിൽ ഓവർ), ISO നിലവാരത്തോടനുബന്ധിച്ച് സി.സി.റ്റി. വി,ട്രിപ്പിൾ | 66086 | ലോകബാങ്ക് സഹായം ബിൽനം. 991/17-18/ 13-10-17 | "കാഡ്കോ"ഇൻവോയ്സ് നം.161/27-3-17 പ്രകാരം നല്കിയത്. |

| | | | | |
|---|---|---|---|---|
| | എൽ.ഇ.ഡി ടി.വി എന്നിവയുടെ സംവിധാനപരിപാലനം | | | |
| 7 | 103/18, (സ്പിൽ ഓവർ), പഞ്ചായത്തോഫീസ് പാനലിംഗ് | 82510 | 38736- വികസനഫണ്ട്, ബിൽനം. 992 /17-18/ 13-10-17 43774-തനത് ഫണ്ട്ചെക്ക്നം. 579005/5-12-17 | "കാഡ്കോ"ഇൻവോയ്സ് നം.159/27-3-17 പ്രകാരം നല്കിയത്. |
| 8 | 104/18,(സ്പിൽ ഓവർ), പഞ്ചായത്തോഫീസ് പെയിന്റിംഗ്, സീലിംഗ്. | 144096 | തനത് ഫണ്ട് ചെക്ക്നം. 579004/5-12-17 | "കാഡ്കോ"ഇൻവോയ്സ് നം.162/27-3-17പ്രകാരം നല്കിയത്. |
| 9 | 107/18,(സ്പിൽ ഓവർ), ISO സർട്ടിഫിക്കേഷന്റെ ഭാഗമായി നവീകരണപ്രവർത്തനങ്ങൾ | 299840 | ലോകബാങ്ക് സഹായം ബിൽനം.390/17-18/ 29-12-17 | "കാഡ്കോ"യുടെ 23-12-17 ലെ ഇൻവോയ്സ് KADCO/CRO/ SALE/2017-18/98 പ്രകാരം നല്കിയത്. |
| 10 | 108/18, (സ്പിൽ ഓവർ), ISOയുടെ ഭാഗമായി നവീകരിക്കുന്ന ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ, ഫയലുകൾ എന്നിവയുടെ ഷിഫ്റ്റിംഗ്. | 23900 | തനത് ഫണ്ട്. | കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ്, ഷിഫ്റ്റിംഗ് എന്നിവയ്ക്കായി സിയോൺ കമ്പ്യൂട്ടേഴ്സ്, കുമാരനല്ലൂർ ന് നല്കിയത്. |
| 11 | 109/18, (സ്പിൽ ഓവർ), ISO സർട്ടിഫിക്കേഷന്റെ ഭാഗമായി പഞ്ചായത്തിന് ഡൈനിംഗ് റൂം, സീലിംഗ്, ഡൈനിംഗ്ടേബിൾ, കസേരകൾ, കബോർഡ് എന്നിവയുടെ പരിപാലനം | 414784 | ലോകബാങ്ക് സഹായം | "കാഡ്കോ"യുടെ 30-10-17ലെ ഇൻവോയ്സ് KADCO/CRO/ SALE/2017-18/44 പ്രകാരം നല്കിയത്. |
| 12 | 276/18, ISO സർട്ടിഫിക്കേഷന്റെ ഭാഗമായി പെയിന്റിംഗ്, സ്റ്റെയിൻലെസ് സ്റ്റീൽ ബോർഡ്, ഫ്ലോർടൈലിംഗ് ഗ്രൗണ്ട് ഫ്ലോർ. | 475000 | വികസനഫണ്ട് ബിൽനം 1994/17-18/ 28-3-18 | "കാഡ്കോ"യുടെ 14-3-18ലെ ഇൻവോയ്സ് KADCO/CRO/ SALE/2017-18/213 പ്രകാരം നല്കിയത്. |
| 13 | 299/18,പഞ്ചായത്തോഫീസ് ഫ്ലോറിംഗ് | 495256 | വികസനഫണ്ട് ബിൽനം. 231/17-18/21-2-18 | ഇൻവോയ്സ് നം.156/27-3-17 |
| 14 | 301/18, ISO സർട്ടിഫിക്കേഷന്റെ ഭാഗമായി ഫയൽ ക്രമീകരിക്കുന്നതിനായി റാക്കുകൾ, ബോക്സുകൾ, ഫയൽകവറുകൾ തുടങ്ങിയവ | 387028 | തനത്ഫണ്ട് വിവിധ വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾ. | 82300/ രൂപയ്ക്ക് ബോർഡുകൾ സ്ഥാപിച്ചത്. റാക്കുകൾ, ഫയൽ ക്രമീകരണകൂലി, ഫയൽ സൂക്ഷിക്കുന്നതിന് ബോക്സുകൾ |

| | | | | |
|---|---|---|---|---|
| | വാങ്ങൽ | | | തുടങ്ങിയവ. |

ടി പ്രോജക്ടുകൾ പരിശോധിച്ചതിൽ 86/18പ്രകാരമുള്ള ചെലവ് ISO സംവിധാനങ്ങളുടെ ഭാഗമായി ഫയലുകൾ ക്രമീകരിക്കുന്നതിനായി കൂലി നല്കിയ ചെലവും 108/18 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഷിഫ്റ്റ് ചെയ്യുന്നതിനും നെറ്റ് വർക്കിംഗ് നടത്തുന്നതിനുമായി നടത്തിയ ചെലവുമാണ്. ഇതുമായി ബന്ധപ്പെട്ട പ്രത്യേക അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറ്റു പ്രോജക്ടുകളിൽ ചുവടെ ചേർക്കും പ്രകാരമുള്ള അപാകതകൾ കാണപ്പെട്ടു.

പൊതുവായ അപാകതകൾ

1)പ്രോജക്ടുകളിൽ മരാമത്ത് പ്രവൃത്തികളുൾപ്പെടെ എൻജിനീയർ നിർവഹിക്കേണ്ടിയിരുന്ന ഇനങ്ങൾ ഉൾപ്പെട്ടിരുന്നിട്ടും പ്രവൃത്തികൾ സംബന്ധിച്ച സാങ്കേതിക പരിജ്ഞാനമില്ലാത്ത സെക്രട്ടറി പ്രോജക്ടുകൾ നടപ്പിലാക്കിയത് തെറ്റായ നടപടിയാണ്.

2) മരാമത്ത് പ്രവൃത്തികൾക്ക് അവശ്യം വേണ്ട എസ്റ്റിമേറ്റ് ഇല്ലാതെയും നിരക്കുകൾ സംബന്ധിച്ച നിഷ്കർഷ ഇല്ലാതെയുമാണ് പ്രവൃത്തികൾ നടപ്പിലാക്കിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി.എസ്.ആർ പ്രകാരമുള്ള നിരക്കുകൾ ആണ് അനുവദനീയമായിട്ടുള്ളത്.

3) സമഗ്രമായ ഒറ്റ പ്രവൃത്തിയായി ഏറ്റെടുക്കേണ്ടിയിരുന്ന ISO അനുബന്ധ പ്രവൃത്തികൾ അനേകം പ്രോജക്ടുകളായി പലവർഷങ്ങളിലായി നടപ്പിലാക്കിയതുമൂലവും, പ്രോജക്ടുകൾ തിരിച്ച് കൃത്യമായി വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഏതൊക്കെ പ്രവൃത്തികളാണ് ഓരോ പ്രോജക്ടിലൂടെയും നടപ്പിലാക്കിയതെന്ന് കൃത്യമായി വിലയിരുത്തുന്നതിനും ചെയ്ത പ്രവൃത്തികൾക്ക് ആനുപാതികമായാണ് തുക നല്കിയതെന്നും ഉറപ്പാക്കാൻ സാധിക്കുന്നില്ല.

4) ISO അനുബന്ധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി മറ്റ് സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതുപോലെ കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷനെയും (KADCO) പരിഗണിക്കാവുന്നതാണ് എന്ന് 27-9-2017 ലെ സർക്കാർ ഉത്തരവ് (സാധാ)നം.3161/2017/ത.സ്വ.ഭ.വ പ്രകാരമാണ് KADCO യെ അംഗീകരിച്ചത്. എന്നാൽ 2016-17 ൽ തന്നെ KADCO യ്ക്ക് പ്രവൃത്തി ഏല്പിച്ച് നല്കിയതും തുകനല്കിയതും ക്രമപ്രകാരമല്ല.

5) മറ്റ് ഏജൻസികളെ എന്നപോലെ നോഡൽ ഏജൻസിയായി പരിഗണിക്കുമ്പോഴും നിരക്കുകളിലുൾപ്പെടെ ന്യായനിരക്കാണെന്നും, ഗുണമേന്മയുള്ളതാണെന്നും ഉറപ്പുവരുത്തേണ്ടത് പൊതുപണം ചെലവഴിക്കുന്നതിൽ പാലിക്കേണ്ട പരമപ്രധാനമായ

ഉത്തരവാദിത്തമാണ്. എന്നാൽ ഇപ്രകാരമുള്ള നിഷ്കർഷകളോ, നിബന്ധനകളോ പ്രവൃത്തി ആരംഭിക്കുമ്പോൾ വച്ചിരുന്നില്ല.

6) 2-12-2016 ലെ സർക്കാർ ഉത്തരവ് (സാധാ) നം.3299/2016/ത.സ്വ.ഭ.വ പ്രകാരം ടെണ്ടറുകൾ കൂടാതെ സാധനങ്ങൾ വാങ്ങാവുന്നത് ഇപ്രകാരം അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങൾ സ്വന്തമായി നിർമിക്കുന്ന ഇനങ്ങൾക്ക് മാത്രമാണ്. എന്നാൽ എയർ കണ്ടീഷണറുകൾ, എൽ.ഇ.ഡി ടി.വികൾ, എൽ.ഇ.ഡി ലൈറ്റുകൾ തുടങ്ങി പല ഇലക്ട്രോണിക് ഉപകരണങ്ങളും യാതൊരു വിലപേശലുമില്ലാതെ KADCO യിൽ നിന്ന് വാങ്ങിയതിലൂടെ ഭീമമായവില നൽകേണ്ടി വന്നു.

7) അസി.എൻജിനീയറും, ഓവർസിയറുമുൾപ്പെട്ട എൻജിനീയറിംഗ് സെക്ഷനുണ്ടായിട്ടും ഓരോ പ്രോജക്റ്റ് പ്രകാരവും നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച മൂല്യനിർണ്ണയമോ, മേൽനോട്ടമോ, സ്ഥാപിച്ച ഉപകരണങ്ങളുടെ ഗുണമേന്മ പരിശോധനയോ നടത്തിയില്ലയെന്നത് ഗുരുതരമായ വീഴ്ചയാണ്.

8) ക്വാളിറ്റി മാനേജ്മെന്റ് സർവീസ് എന്ന ഐ.എസ്.ഒ കൺസൽട്ടൻസി സ്ഥാപനം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കേണ്ട പല അടിസ്ഥാനസൗകര്യങ്ങളും സംബന്ധിച്ച നിർദേശങ്ങളും വിശദാംശങ്ങൾ ഉൾപ്പെട്ട ലഘുലേഖയും ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നു. ഇതിൽ നിന്ന് തികച്ചും വ്യതിചലിച്ച് പണം അമിതമായി ചെലവാക്കുന്നതിനുള്ള പ്രവൃത്തികളാണ് ചെയ്തത്.

പ്രോജക്റ്റുകൾ സംബന്ധിച്ച പ്രത്യേക നിരീക്ഷണങ്ങൾ.

098/18.മണർകാട് ഓഫീസ് സംവിധാനപരിപാലനം.

ആകെ 29 ഇനങ്ങൾ ഉൾപ്പെട്ട റബ്കോ യുടെ 2265887 രൂപയുടെ ഇൻവോയ്സ് മാത്രമാണ് ചെലവ് സംബന്ധിച്ച ആധികാരികരേഖയായി ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇൻവോയ്സ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും കൃത്യമായ അളവിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന വിദഗ്ധപരിശോധനാ റിപ്പോർട്ട് ഇല്ലാതെയാണ് തുക നൽകിയിട്ടുള്ളത്.

099/18(സ്പിൽ ഓവർ), ISO നിലവാരം ഓഫീസ്റൂം, ഹെൽപ്ഡെസ്ക്, ഫ്രണ്ടോഫീസ് ഫർണിഷിംഗ്

ഹെൽപ് ഡെസ്ക് ഷെൽഫ്, ഹെൽപ്പ് ഡെസ്ക് കൗണ്ടർ, ഹെൽപ്പ് ഡെസ്ക് ഡെക്കറേറ്റീവ് സീലിംഗ്, ഹെൽപ് ഡെസ്ക് പെയിന്റിംഗ്, മെയിൻ ഓഫീസ് കബോർഡ്ഷട്ടർ, മെയിൻ ഓഫീസ് വെർട്ടിക്കൽ ബ്ലൈന്റ്, ഫ്രണ്ട് ഓഫീസ് ഗ്ലാസ് ഡോർ, റിവോൾവിംഗ് ചെയർ എന്നിവയാണ് സ്ഥാപിച്ചിട്ടുള്ളതായി KADCO യുടെ ഇൻവോയ്സ് പ്രകാരം കാണുന്നത്. 359133 രൂപ ചെലവഴിച്ച് ഹെൽപ് ഡെസ്കിനായി വാങ്ങിയ ഉപകരണങ്ങൾ ഒരുമുറിയിൽ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. നാളിതുവരെ ഹെൽപ് ഡെസ്ക്

പ്രവർത്തനക്ഷമമായിട്ടില്ല

100/18(സ്പിൽ ഓവർ),സ്റ്റാന്റിംഗ് കമ്മിറ്റിചെയർമാൻ,അംഗങ്ങളുടെ മുറികളുടെ ക്യാബിൻ നിർമ്മാണം,റൂം ഫർണിഷിംഗ്.

ക്യൂബിക്കിളുകൾ സ്ഥാപിക്കുക, ഷെൽഫ് സംവിധാനങ്ങളുള്ള ടേബിളുകൾ ലഭ്യമാക്കുക, കമ്മിറ്റി അംഗങ്ങളുടെ മുറിയിൽ ജിപ്സം ബോർഡുപയോഗിച്ചുള്ള ഡെക്കറേറ്റീവ് സീലിംഗ് എന്നീ പ്രവൃത്തികളാണ് 37109 രൂപ മുടക്കിൽ നടപ്പിലാക്കിയതെന്ന് KADCO യുടെ 27-3-17-ലെ ഇൻവോയ്സ് പ്രകാരം വ്യക്തമാകുന്നു. എന്നാൽ ഇൻവോയ്സിൽ പറയുന്ന അളവുകളുള്ള ക്യൂബിക്കിളുകളും, ടേബിളുകളുമാണ് സ്ഥാപിച്ചതെന്നും, സീലിംഗ് അളവുകൾ കൃത്യമാണെന്നും പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

101/18(സ്പിൽ ഓവർ), പഞ്ചായത്തോഫീസ് ഐ.എസ്.ഒ നിലവാരം ആക്കുന്നതിന്റെ ഭാഗമായി ഫ്രണ്ടോഫീസ് ബാത്ത്റൂം, ഷെൽട്ടർ, സ്റ്റെയർകേസ്, എമർജൻസി എക്സിറ്റ്.

കതകുകൾ, ജനലുകൾ, ഭിത്തി എന്നിവയുടെ പുറംഭാഗം പെയിന്റിംഗ്, ഫ്രണ്ട് ഓഫീസ് പെയിന്റിംഗ്, ഫ്രണ്ടോഫീസ് ബാത്ത്റൂം, എമർജൻസി എക്സിറ്റ്സ്റ്റെയർകേസ് നിർമാണം, ദിശാബോർഡ് സ്ഥാപിക്കൽ എന്നിവയാണ് പ്രോജക്റ്റിലുൾപ്പെട്ടിരുന്നത്. തികച്ചും മരാമത്ത് പ്രവൃത്തികളായ ഇവയുടെ അളവുകൾ രേഖപ്പെടുത്തി തിട്ടപ്പെടുത്താതെയാണ് "കാഡ്കോ"യുടെ ഇൻവോയ്സിൽ (നം.158/27-3-17)പറഞ്ഞ തുകയുടെ മുൻവർഷം നല്കിയതിന്റെ ബാക്കി നല്കിയത്.

102/18(സ്പിൽ ഓവർ), ഐ.എസ്.ഒ നിലവാരത്തോടനുബന്ധിച്ച് സി.സി.റ്റി.വി, ട്രിപ്പിൾ എൽ.ഇ.ഡി.റ്റി.വി എന്നിവയുടെ സംവിധാന പരിപാലനം.

ഓഫീസിനുള്ളിൽ 30, പുറത്ത് 2 എണ്ണമുൾപ്പെടെ ആകെ 32സി.സി.റ്റി.വി കാമറകൾ, സ്റ്റെബിലൈസർ ഉൾപ്പെടെ 3 ല്ലോയ്ഡ് ബ്രാന്റ് എൽ.ഇ.ഡി റ്റി.വികൾ, അക്വാഗാർഡ് വാട്ടർ പ്യൂരിഫയർ 3 എണ്ണം, ഇന്റർകോം, ഹെൽപ് ഡെസ്കിലേക്ക് കുഷ്യൻ പിടിപ്പിച്ച ചാരുകസേരകൾ (സന്ദർശകർക്കും സ്റ്റാഫിനും), നെയിം ബോർഡ് എന്നിവ സ്ഥാപിക്കുയാണ് ഈ പ്രോജക്റ്റിലുൾപ്പെട്ടിരുന്നത്.

ഐ.എസ്.ഒ കൺസൽട്ടൻസി സ്ഥാപനമായ ക്വാളിറ്റി മാനേജ്മെന്റ് സർവീസ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി സ്ഥാപനത്തിൽ അടിയന്തിരമായി ഏർപ്പെടുത്തേണ്ട സംവിധാനങ്ങൾ സംബന്ധിച്ച ലഘുലേഖ പഞ്ചായത്തിന് ലഭ്യമാക്കുകയുണ്ടായി. എന്നാൽ ടി ലഘുലേഖയിലൊന്നും സി.സി.റ്റി.വി സ്ഥാപിക്കണമെന്ന നിബന്ധനയില്ല. എന്നാൽ ഓഫീസ്റൂം, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറിമാരുടെ ഓഫീസുകൾ, വിവിധ സെക്ഷനുകളുൾപ്പെടെ ഓഫീസ് മുഴുവൻ സി.സി.റ്റി.വി സ്ഥാപിച്ചതിന്റെ സാഹചര്യം വ്യക്തമല്ല. മാത്രമല്ല "കാഡ്കോ"ഇപ്രകാരമുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ സ്വന്തമായി ഉല്പാദിപ്പിക്കുന്നില്ലാത്ത സാഹചര്യത്തിൽ ടെണ്ടർ കൂടാതെ "കാഡ്കോ"മുഖാന്തിരം

ഉപകരണങ്ങൾ സ്ഥാപിച്ചത് ക്രമപ്രകാരമല്ല. വാങ്ങിയ വാട്ടർപ്യൂരിഫയറിൽ ഒരെണ്ണം നാളിതുവരെ സ്ഥാപിച്ചിട്ടില്ല. സ്ഥാപിച്ചതിൽ ഒരെണ്ണം പ്രവർത്തിക്കുന്നില്ല. ഹെൽപ്പ് ഡെസ്കിലേക്ക് 18 കസേരകൾ വാങ്ങിയത്, ഹെൽപ്ഡെസ്ക് പ്രവർത്തിച്ചുതുടങ്ങാത്തതിനാൽ മുറിയിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഇപ്രകാരം തികച്ചും അനിവാര്യമല്ലാത്ത ഇനങ്ങൾക്കായാണ് മുൻവർഷത്തേതുൾപ്പെടെ 441086 രൂപ ചെലവഴിച്ചത്. (തൻവർഷചെലവ്-66086/).

103/18 (സ്പിൽ ഓവർ), പഞ്ചായത്തോഫീസ് പാനലിംഗ്

"കാഡ്കോ"യുടെ 159/27-3-17 ഇൻവോയ്സ് പ്രകാരം നടപ്പിലാക്കിയ ഇനങ്ങളാണ് ഈ പ്രോജക്റ്റിലുൾപ്പെട്ടിരുന്നത്. ജനലുകൾക്ക് അലുമിനിയം ഫ്രയിമിൽ അടപ്പുകൾ സ്ഥാപിക്കൽ, പശയുപയോഗിച്ച് ഫ്രണ്ടോഫീസ് വിട്രിഫൈഡ് ടൈലിടൽ, മെയിൻ ഓഫീസ്ഹാൾ, ഫ്രണ്ട് ഓഫീസ്, ഹെൽപ്ഡെസ്ക്, സ്റ്റാന്റിംഗ് കമ്മിറ്റി റൂം എന്നിവിടങ്ങളിലായി 9 വാട്ടിന്റെ 80 എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കൽ, പ്ലൈവുഡ്, മൈക്ക എന്നിവയുപയോഗിച്ച് മെയിൻ ഓഫീസിലെ തൂണുകളുടെ പാനലിംഗ് പഞ്ചായത്ത് അംഗങ്ങൾക്ക് കസേരകൾ എന്നിവയാണ് ഈ പ്രവൃത്തികൾ.

ജനലുകൾക്ക് അടപ്പുകൾ സ്ഥാപിക്കൽ, ടൈൽപാകൽ, പാനലിംഗ് പ്രവൃത്തികളുടെ അളവുകൾ എടുത്ത് ഉറപ്പാക്കുകയുണ്ടായില്ല. 1005 രൂപ നിരക്കിലാണ് എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചത്. നിരക്കുസംബന്ധിച്ച യാതൊരു പരിശോധനയും ഉണ്ടായില്ല.

104/18(സ്പിൽ ഓവർ),പഞ്ചായത്തോഫീസ് പെയിന്റിംഗ്,സീലിംഗ്.

മെയിൻ ഓഫീസ് ഹാൾ ജിപ്സം ബോർഡുപയോഗിച്ച് സീലിംഗ്, പെയിന്റിംഗ്, പാനലിംഗ് എന്നീ മരാമത്ത് പ്രവൃത്തികൾ നടത്തിയതിന് KADCO യുടെ 27-3-17 ലെ 162 നം.ഇൻവോയ്സ് പ്രകാരം മുൻവർഷം നല്കിയതിന്റെ ബാക്കിതുക നല്കിയിരിക്കുന്നു.

അളവ് രേഖപ്പെടുത്തലോ, മൂല്യനിർണയമോ ഇല്ലാതെ തുക നല്കിയിരിക്കുന്നു.

107/18(സ്പിൽ ഓവർ), ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി നവീകരണപ്രവർത്തനങ്ങൾ.

KADCO യുടെ 27/12/17 ലെ ഇൻവോയ്സ് പ്രകാരം സ്ഥാപിക്കപ്പെട്ട 1.5 ടൺ LLOYD എയർ കണ്ടീഷണർ (സ്റ്റബിലൈസർ ഉൾപ്പെടെ) 5 എണ്ണം,1 ടൺ എയർ കണ്ടീഷണർ 2 എണ്ണം എന്നിവയുടെ ചെലവാണ് പ്രോജക്റ്റിലുൾപ്പെട്ടിട്ടുള്ളത്. സെർവർ റൂമിൽമാത്രമാണ് എയർ കണ്ടീഷണർ സ്ഥാപിക്കണമെന്ന് ഐ.എസ്.ഒ കൺസൽട്ടൻസി ഏജൻസിയുടെ ലിസ്റ്റിലുള്ളത്.

എന്നാൽ ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി ആവശ്യകത വിലയിരുത്താതെയും എയർ കണ്ടീഷണർ സപ്ലൈ ചെയ്യാൻ 'യോഗ്യത' ഇല്ലാത്തതുമായ സ്ഥാപനത്തിൽ നിന്ന് ടെണ്ടർ ഇല്ലാതെ വാങ്ങിയതിനാൽ

അധികനിരക്ക് നല്കി.

ഇലക്ട്രോണിക് ഉല്പന്ന വിതരണക്കാരായ QRS എന്ന സ്ഥാപനത്തിന്റെ 13/4/18 ലെ ഇൻവോയ്സ് പ്രകാരം LLOYD എയർ കണ്ടീഷണർ (സ്റ്റബിലൈസർ ഉൾപ്പെടെ)1.5 ടൺ ഒരെണ്ണം സ്ഥാപിക്കുന്നതിന് 38000/ രൂ നിരക്കാണ്. അതുപോലെ 1 ടണിന്റെ നിരക്ക് 27250 രൂപയും എന്നാൽ KADCO സ്ഥാപിച്ചതാകട്ടെ യഥാക്രമം 44608/, 38400/ രൂപയും. അതായത് 1.5 ടൺ ഇനത്തിന് 6608/രൂ, 1 ടൺ ഇനത്തിന് 11150 രൂപയും വീതം അധികം.

എങ്ങനെയും പണം ചെലവഴിച്ച് ചെലവ് ശതമാനം വർദ്ധിപ്പിക്കുക എന്നതു മാത്രമാണ് പ്രോജക്റ്റ് നടത്തിപ്പിൽ ലക്ഷ്യമിട്ടത്. സർക്കാർ സ്ഥാപനങ്ങളിൽ ആഢംബരങ്ങൾക്ക് ചെലവ് ചെയ്യുന്നതിന്റെ ഔചിത്യം പരിഗണിക്കപ്പെട്ടിട്ടില്ല.

109/18(സ്പിൽ ഓവർ),ഐ.എസ്.ഒ യുടെ ഭാഗമായി ഡൈനിംഗ് റൂം സീലിംഗ്,ഡൈനിംഗ് ടേബിൾ,കസേരകൾ,കബോർഡ് എന്നിവയുടെ പരിചരണം.

ഡൈനിംഗ്ടേബിൾ വലുത് 2എണ്ണം, ഡൈനിംഗ് ടേബിൾ ചെറുത് 2, കുഷ്യൻ പിടിപ്പിച്ച ചാരുകളുള്ള ഡൈനിംഗ് കസേരകൾ 18 എണ്ണം, മിറർ സ്ഥാപിച്ച വാഷ് കൗണ്ടർ, കബോർഡ്, റൈറ്റിംഗ് ടേബിൾ 2 എണ്ണം, ജിപ്സമുപയോഗിച്ച് മുറിയുടെ സീലിംഗ്, ഭിത്തികളുടെ പെയിന്റിംഗ്, 12 വാട്ടിന്റെ 5 എൽ.ഇ.ഡി ലൈറ്റുകൾ, എൻട്രൻസ് ഭാഗം സീലിംഗ്, താഴത്തെനിലയിൽ ബാത്ത്റൂം, ഫ്രണ്ട് ഓഫീസിനുള്ളിൽ തിളക്കമുള്ള ടൈലുകൾ, സ്റ്റീൽ വാതിൽ എന്നിവയുടെ സ്ഥാപിക്കലാണ് നടന്നിട്ടുള്ളതെന്ന് 30/10/17 ലെ KADCO യുടെ ഇൻവോയ്സിൽ നിന്ന് വ്യക്തമാകുന്നു. വിലകൂടിയ നിർമാണസാമഗ്രികളുപയോഗിച്ചുള്ള നിർമിതിയുടെ അളവുകൾ പരിശോധിച്ച് ഉറപ്പുവരുത്താതെ ഇൻവോയ്സ് പ്രകാരം തുക നല്കുകയാണുണ്ടായത്.

276/18(പുതിയത് ) ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി പെയിന്റിംഗ്, സ്റ്റെയിൻലെസ് സ്റ്റീൽബോർഡ്, ഫ്ലോർടൈലിംഗ് , ഗ്രൗണ്ട്ഫ്ലോർ.

എസ്.എസ്.നെയിംബോർഡ്, തറ എമൾഷൻപെയിന്റിംഗ്, വിന്റോ ഷേഡ് എമൾഷൻപെയിന്റിംഗ്, അലൂമിനിയം കോമ്പസിറ്റ് പാനൽ, വിട്രിഫൈഡ് ടൈൽപാകൽ തുടങ്ങിയ പ്രവൃത്തികളാണ് പ്രോജക്റ്റുപ്രകാരം ചെയ്തിട്ടുള്ളതെന്ന് ഇൻവോയ്സിൽ നിന്ന് വ്യക്തമാകുന്നു. അളവെടുക്കുകയോ, മൂല്യനിർണയം നടത്തുകയോ ചെയ്യാതെയാണ് തുകനല്കിയത്.

299/18(പുതിയത് ) പഞ്ചായത്തോഫീസ് ഫ്ലോറിംഗ്.

മെയിൻഓഫീസ് ഹാൾ, സ്റ്റെയർ റൂം, സ്റ്റെയർ ഭിത്തി, സ്റ്റാന്റിംഗ് കമ്മിറ്റി ഓഫീസ് എന്നിവയിൽ നിലവിലുള്ള തറയിൽ വിട്രിഫൈഡ് ടൈലുകൾ പശയുപയോഗിച്ച് പതിപ്പിക്കുകയാണുണ്ടായതെന്ന് KADCO ഇൻവോയ്സ് പ്രകാരം വ്യക്തമായി. എന്നാൽ

അളവെടുത്ത് മൂല്യനിർണയം നടത്താതെ തുക നല്കിയിരിക്കുന്നു.

301/18(പുതിയത്) ഐ.എസ്.ഒ യുടെ ഭാഗമായി ഫയൽ ക്രമീകരണത്തിന് റാക്കുകൾ, ബോക്സുകൾ, ഫയൽ കവറുകൾ എന്നിവ വാങ്ങൽ.

വിവിധ വൗച്ചറുകൾപ്രകാരം തനത് ഫണ്ടിൽനിന്ന് തുക ചെലവഴിച്ച് റാക്കുകൾ, ബോക്സുകൾ എന്നിവ വാങ്ങുക, ഫയലുകൾ ക്രമീകരിച്ചതിന് കൂലി ഇനത്തിൽ തുക നല്കുക എന്നിവയാണ് പ്രോജക്റ്റുപ്രകാരം ചെയ്ത പ്രവൃത്തികൾ.

യാതൊരു സാമ്പത്തിക അച്ചടക്കവും പാലിക്കാതെ, ആഡംബരപൂർണമായ ഓഫീസ് സംവിധാനമൊരുക്കുന്നതിനാണ് പണം ചെലവഴിച്ചത്. കൃത്യമായ എസ്റ്റിമേറ്റ് തയാറാക്കാതെയും, ആവശ്യകതയും, മുൻഗണനകളും നിർണയിക്കാതെയും, പ്രവൃത്തികളുടെ നിരക്ക് സംബന്ധിച്ച് യാതൊരു അന്വേഷണവുമില്ലാതെ തികച്ചും നിരുത്തരവാദപരമായാണ് ഭരണസമിതിയും, നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയും ചേർന്ന് 2017-18 വർഷം മാത്രം 3880178 രൂപ പഞ്ചായത്തോഫീസ് നവീകരണത്തിനായി മാത്രം ചെലവഴിച്ചത്. 2016-17 ൽ ചെലവഴിച്ച 1554885 രൂപയുൾപ്പെടെ ആകെ ചെലവ് 5435063/. പൊതുപണത്തിന്റെ ദുർവ്യയമാണ് ഈ പ്രോജക്റ്റിലൂടെ ഉണ്ടായിട്ടുള്ളത്. പണം ചെലവഴിക്കുന്നതിനായി ഐ.എസ്.ഒ കൺസൽട്ടൻസി സ്ഥാപനം നിർദ്ദേശിച്ച നിബന്ധനകളെ തെറ്റായി വ്യാഖ്യാനിക്കുകയും കാഡ്കോ നിർദേശിച്ച വിധം പ്രവൃത്തികൾ നടപ്പാക്കുകയുമായിരുന്നു.

പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരടങ്ങിയ ഒരു സബ്കമ്മിറ്റി രൂപീകരിച്ച്, അടിയന്തിരമായി, വിവിധ പ്രോജക്റ്റുകൾ പ്രകാരം ഉള്ള മരാമത്ത് പ്രവൃത്തികളുടെ അളവ് പരിശോധിച്ച് മൂല്യനിർണയം നടത്തി കാഡ്കോ, റബ്കോ സ്ഥാപനങ്ങളുടെ ഇൻവോയ്സുകളുമായി താരതമ്യം നടത്തി, ചെയ്ത പ്രവൃത്തികളുടെയും ചെലവായ തുകയുടെയും കൃത്യത ഉറപ്പാക്കേണ്ടതാണ്.

ഓഫീസിന്റെ ഭൗതികസാഹചര്യം നിലവിൽ ഒരു കോർപ്പറേറ്റ് സ്ഥാപനത്തിന് സമാനമാണ്. ഇത്രയും ആഡംബരങ്ങൾ പൊതുപണം ഉപയോഗിക്കുന്നതിൽ പാലിക്കേണ്ട മര്യാദകളുടെ ലംഘനമാണ് കാണിക്കുന്നത്.

അളവുകൾ തിട്ടപ്പെടുത്തി പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ല എന്ന് ഉറപ്പാക്കും വരെ 2017-18 വർഷം മേൽ പ്രോജക്റ്റുകൾക്കായി ചെലവഴിച്ച 3880178 രൂപയിൽ പ്രോ നം.86/18, 108/18, 301/18 എന്നിവയ്ക്കായി ചെലവഴിച്ച തുകയൊഴികെയുള്ള 3438095 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിനം.6 ന് ലഭിച്ച മറുപടി മേൽ ചൂണ്ടിക്കാട്ടിയ കാരണങ്ങളാൽ പൂർണമായി സ്വീകരിക്കാനാവില്ല.)

## 3-5 പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി വാങ്ങിയ സ്ഥലം- കേസ് നടത്തിപ്പിലെ വീഴ്ച മൂലം തനതുഫണ്ടിന് ഭീമമായ നഷ്ടം

മണർകാട് ഗ്രാമപഞ്ചായത്തിൽ ഗ്രാമീണചന്ത, ടാക്സിസ്റ്റാന്റ് എന്നിവ നിർമ്മിയ്ക്കുന്നതിനായി 27.03.2004ലെ ജി.ഒ(ആർ.റ്റി)1165/2004/തസ്വഭവ ഉത്തരവുപ്രകാരം 37.67ആർ സ്ഥലം വിലയ്ക്ക് വാങ്ങുന്നതിനും 87.09 ആർ സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിനും അനുമതി നൽകിയിരുന്നു. ആയതിൽപ്രകാരം സ്പെഷ്യൽ തഹശീൽദാർ (LA) കോട്ടയം നടപടി സ്വീകരിക്കുകയും പി.സി.മാത്യൂ, പൈനുങ്കൽ ഹൗസ് കുഴിപ്പുരയിടം കരയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 34.79 ആർ, എം.എ മാത്യൂ, ചിരവത്തറ, പാറമ്പുഴക്കര എന്നയാളുടെ ഉടമസ്ഥതയിലുള്ള 1.77 ആർ സ്ഥലമുൾപ്പെടെ 36.56 ആർ (സർവെനം.314/4-9, ബ്ലോക്ക് നം.35 മണർകാട് വില്ലേജ്) ഒരാറിന് 4600 രൂപ നിരക്കിൽ 1894 ലെ ഭൂമി ഏറ്റെടുക്കൽ ആക്ട് സെക്ഷൻ 4(1) പ്രകാരം 11.7.2005പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം 22.08.2008-ൽ ഏറ്റെടുത്തു. എന്നാൽ ടി വ്യക്തികൾ ഇതിനെതിരെ കോട്ടയം പ്രിൻസിപ്പൽ സബ്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ വില ആർ ന് 5520/- രൂപയായി വർദ്ധിപ്പിയ്ക്കുന്നതിന് LAR.No. 83/2009പ്രകാരം 3.08.2011 ഉത്തരവായി. കൂടാതെ ഉത്തരവ് പ്രകാരം ബാക്കി നല്കാനുള്ള തുകയ്ക്ക് ടി പണം ഡെപ്പോസിറ്റ് ചെയ്യുന്ന തീയതിയിൽ നിശ്ചിത ശതമാനം പലിശയും നൽകാൻ ഉത്തരവായി.

എന്നാൽ നഷ്ടപരിഹാര തുക കുറവായതിനാൽ അഡ്വക്കേറ്റിന്റെ ഉപദേശപ്രകാരം പി.സി.മാത്യൂ, പൈനുങ്കൽ ബഹു. ഹൈക്കോടതിയിൽ അപ്പീൽ നൽകുകയുണ്ടായി. ഈ അപ്പീൽ പെറ്റിഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണനയ്ക്ക് രണ്ട് ആഴ്ചയ്ക്കുള്ളിൽ വരുന്നതാണെന്ന് കാണിച്ച് അഡ്വ. മാത്യൂ ജോൺ 17-7-2018 ൽ സെക്രട്ടറിയ്ക്ക് കത്തു നൽകിയതായി കാണുന്നു. ടി അപ്പീലിൽ ഒരു കോടി രൂപയാണ് പി.സി.മാത്യൂ, പൈനുങ്കൽ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കീഴ്ക്കോടതി വിധിയുടെയും,മറ്റ് തെളിവുകളുടെയും രേഖകൾ അഡ്വക്കേറ്റിന് നൽകുകയോ ബഹു. ഹൈക്കോടതിയിൽ ഹാജരാക്കുകയോ ചെയ്തിട്ടില്ലെന്നാണ് അഡ്വക്കേറ്റിന്റെ കത്തിൽ നിന്ന് വ്യക്തമാകുന്നത്.

6.01.2012 ലെ 85/2009 LAR കേസിലെ കീഴ്ക്കോടതി വിധിയ്ക്കെതിരെ കെമീമ ലിസ്ബത്ത് മാത്യു ഉൾപ്പെടെ അഞ്ചുപേർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച 622/2012 ആയിട്ടുള്ള അപ്പീൽ കേസിൽ 7.08.2017-ൽ വിധി പുറപ്പെടുവിച്ചു. ടി വിധി പ്രകാരം ഒരു ആർ ഭൂമിയുടെ വില ഒരു ലക്ഷം രൂപയായി ബഹു. ഹൈക്കോടതി നിശ്ചയിച്ചു. കൂടാതെ സബ്കോടതി നിശ്ചയിച്ച പലിശയുൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങളും നൽകുന്നതിനായിരുന്നു കോടതി വിധി

9.11.2017 ലെ D3 എൽ.എ.എ 622/2012 നം കത്ത് മുഖേന LAR 622/2012 കേസിൽ ഇനി

അപ്പീലിന് സാധ്യതയില്ലെന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുണ്ട്. 18.05.1018 ലെ B5-1474/08 (1) നമ്പർ കത്ത് മുഖാന്തിരം LAA. 622/2012 വിധി പ്രകാരം കക്ഷികൾക്ക് നൽകാനുള്ള 6359401 രൂപ ജില്ലാട്രഷറിയിൽ 8443-00-117-99 വർക്ക് ഡെപ്പോസിറ്റിൽ നിക്ഷേപിച്ച് ചെലാൻ നൽകുന്നതിന് B5-1474/08(1) നമ്പർ കത്ത് മുഖേന18.05.2018-ൽ ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ(ജനറൽ) പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുമുണ്ട്.

എന്നാൽ കേസ് ഫയൽ പരിശോധിച്ചതിൽ അഡ്വ. ശ്രീ.മാത്യൂ ജോണിന്റെ 3.6.2013 ലെ കത്തിൽ കെമീമ ലിസ്ബത്ത് മാത്യൂ ഉൾപ്പെടെയുള്ളവർ നൽകിയ അപ്പീൽ ഒന്ന് രണ്ട് ആഴ്ചകൾക്കുള്ളിൽ പരിഗണിയ്ക്കുന്നതാണെന്നും കീഴ്ക്കോടതിയിലെ കേസുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു. കൂടാതെ അപ്പീലിൽ ആവശ്യപ്പെട്ടത് 32,83,000രൂപ അധിക നഷ്ടപരിഹാരമാണെന്ന് അഡ്വക്കേറ്റ്, പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും ഹൈക്കോടതി പറയുന്ന ഏത് നഷ്ടപരിഹാരവും കക്ഷികൾക്ക് നൽകേണ്ടി വരുമെന്നതിനാൽ ഗൗരവം കണക്കിലെടുത്ത് പഞ്ചായത്ത് രേഖകൾ ഹാജരാക്കണമെന്നും ആവശ്യപ്പെട്ടു. 6.02.2014 ലെ കത്തിൽ കേസിന്റെ ഫയലുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ കേസിൽ വക്കാലത്ത് ഫയൽ ചെയ്യാൻ സാധിയ്ക്കുന്നില്ലെന്നും, പഞ്ചായത്തിനെ അറിയിക്കാതെ കേസ് തീർപ്പാക്കാൻ സാധ്യതയുള്ളതിനാൽ കേസ് സംബന്ധിച്ച രേഖകൾ അടിയന്തിരമായി ലഭ്യമാക്കണമെന്നും അഡ്വ. ശ്രീ.മാത്യൂ ജോൺ ആവശ്യപ്പെട്ടിട്ടുണ്ട്.നിലവിൽ കീഴ് കോടതി വിധിയുൾപ്പെടെയുള്ള ഫയലുകൾ ഒന്നും തന്നെ പരിശോധനയ്ക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടില്ല. ടി ഫയലുകൾ നഷ്ടപ്പെട്ടതായാണ് അറിയിച്ചത്.

യഥാസമയം ഹൈക്കോടതിയിൽ കേസ് രേഖകൾ ഹാജരാക്കുന്നതിനും ശരിയായ നിലയിൽ കേസ് നടത്തുന്നതിനും സാധിച്ചിട്ടില്ലെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. കൂടാതെ കേസുകൾ സംബന്ധിച്ച പല രേഖകളും പഞ്ചായത്തിൽ നിന്നും നഷ്ടപ്പെട്ടിട്ടുമുണ്ട്. മതിയായ മുന്നൊരുക്കങ്ങളില്ലാതെയും കോടതിയിൽ പഞ്ചായത്തിന്റെ ഭാഗം കൃത്യമായി അവതരിപ്പിയ്ക്കാത്തതിനാലുമാണ് സ്ഥലവിലയായ 2589239.69 രൂപയും 3770161.8 പലിശയുൾപ്പെടെ (15% നിരക്കിൽ 30.06.2018 വരെയുള്ളത് ) ആകെ 6359401 രൂപ മേൽ കേസിൽ പഞ്ചായത്ത് ചെലവഴിക്കേണ്ടി വരുന്നത്. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും വീഴ്ച ഇക്കാര്യത്തിൽ ഉണ്ടായതായി ഫയലുകളിൽ നിന്ന് വ്യക്തമാകുന്നു.

83/2009 നം കേസിന്റ അപ്പീൽ പെറ്റിഷൻ പ്രകാരം ഇതിനേക്കാൾ ഗുരുതരമായി പഞ്ചായത്തിന്റെ സാമ്പത്തികനിലയെ ബാധിയ്ക്കുന്ന മേൽ കോടതി വിധിയുണ്ടാകാനും സാധ്യതയുണ്ട്. കേസ് നടത്തിപ്പിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-6 എയ്റോബിക് കമ്പോസ്റ്റ്-പൂർണമായി പ്രവർത്തനസജ്ജമാക്കിയിട്ടില്ല.

വിഇഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഈ പദ്ധതി പ്രകാരം ധനകാര്യകമ്മീഷൻ വിഹിതത്തിൽ നിന്നും 395620- ചെലവഴിച്ച് (ബിൽ നം.17/17-18/ 26-02-18) ദിനമിത്ര, ചെങ്ങളം സൗത്ത് പി.ഒ, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും 6 എയ്റോബിക് ബിന്നുകൾ ഷെഡ്ഡുൾപ്പെടെ പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുണ്ട്. ശുചിത്വമിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് പദ്ധതി നടപ്പാക്കിയിരിയ്ക്കുന്നത്. ഹരിതകർമ്മസേനയുടെ സഹായത്തോടെ ജൈവമാലിന്യങ്ങൾ ശേഖരിച്ച് ജൈവകമ്പോസ്റ്റാക്കി മാറ്റി കമ്പോളത്തിൽ വിൽക്കുക എന്ന ഉദ്ദേശത്തോടെയാണ് പദ്ധതി ആരംഭിച്ചിരിയ്ക്കുന്നതെങ്കിലും പഞ്ചായത്ത് പരിസരത്തെ ഹോട്ടലുകളിൽ നിന്നും ജൈവമാലിന്യങ്ങൾ മാത്രമായി വലിയൊരളവിൽ തരംതിരിച്ച് വാങ്ങി നിക്ഷേപിയ്ക്കലും തുടർപ്രവർത്തനങ്ങളും വളരെ ശ്രമകരവും തുടർവർഷങ്ങളിൽ നിരീക്ഷിയ്ക്കപ്പെടേണ്ടതുമാണ്. മാത്രമല്ല യൂണിറ്റ് സ്ഥാപിച്ചിരിയ്ക്കുന്ന പഞ്ചായത്ത് പരിസരത്ത് ഉപേക്ഷിയ്ക്കപ്പെട്ട വാഹനങ്ങളുടെ പഴകി ദ്രവിച്ച ഭാഗങ്ങളുൾപ്പെടെയുള്ള അജൈവമാലിന്യങ്ങളാണ് നിക്ഷേപിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. ഇവ നീക്കം ചെയ്യുന്നതിനുള്ള നടപടികളാണ് പഞ്ചായത്ത് തലത്തിൽ ആദ്യം സ്വീകരിയ്ക്കേണ്ടിയിരുന്നതും. യൂണിറ്റ് പ്രവർത്തനസജ്ജമാക്കുന്നതിനും തുടർ നിരീക്ഷണങ്ങളിലൂടെ പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-7 കന്നുകുട്ടി പരിപാലനം- വിനിയോഗവിവരം ലഭ്യമാക്കണം

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഈ പദ്ധതിയ്ക്കായി ഒരു ഗുണഭോക്താവിന് 6250- നിരക്കിൽ 58 ഗുണഭോക്താക്കൾക്കുള്ള വിഹിതമായ 362500- (ബിൽ നം.GPB 04/17-18 (CFSP)/30-11-17) വികസനഫണ്ടിൽനിന്നും പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം പേർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണകാലാവധി കഴിയുമ്പോൾ വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-8 പകൽവീടിന് മുന്നൊരുക്കപ്രവർത്തനങ്ങൾ -പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ - 294870 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ -എസ്76/2017-18

അടങ്കൽ- 420600രൂപ (പദ്ധതി വിഹിതം -ജനറൽ)

ചെലവ്- 294870 (ബിൽ നം104/2017-18 തീ 27.03.2018

കരാറുകാരൻ-ശ്രീ. ബിജു. സി.പി

അളവുപുസ്തകം നമ്പർ --122/2017-18

എഗ്രിമെന്റ് നമ്പർ-71/AE/LSGD/MNCD/30.03.2017

2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. എഗ്രിമെന്റ് പ്രകാരം 15.03.2018 ലാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ 2017-18സാമ്പത്തികവർഷം കരാറുകാരന് പാർട്ട് ബില്ലാണ് നൽകിയത്. കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കുകയോ വിശദീകരണം ലഭ്യമാക്കുകയോ ചെയ്തതായി കാണുന്നില്ല.

2. പകൽവീടിന് മുന്നൊരുക്കപ്രവർത്തനങ്ങൾ നടത്തിയ ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

3. പകൽവീടിന് മുന്നൊരുക്കപ്രവർത്തനങ്ങൾക്ക് 294870 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും തുടർപ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രൊജക്ട് തയ്യാറാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 294870/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ഗ്രാമീണചന്തയ്ക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്ട് നമ്പർ -എസ്77/2017-18

ഗ്രാമിണചന്തയ്ക്ക് അടിസ്ഥാനസൗകര്യമൊരുക്കൽ, പകൽവീടിന് മുന്നൊരുക്ക പ്രവർത്തനങ്ങൾ, കൂടാതെ മണ്ണ് ഫില്ലിംഗ് ആവശ്യമായ മറ്റ് പല പ്രോജക്ടുകൾക്കും ഫില്ല് ചെയ്യുന്നതിനുള്ള മണ്ണ് ലഭ്യമാക്കുന്നതിനായി പഞ്ചായത്തിലെ വാർഡ് 13-ൽ സ്ഥിതിചെയ്യുന്ന സൈനിക്ഷേമവകുപ്പിന് കീഴിലുള്ള ECHS (Exservicemen contributory Health sheme)-ന്റെ റസ്റ്റ് ഹൗസ്, പോളിക്ലിനിക് എന്നിവയുടെ നിർമ്മാണത്തിനായി കുഴിച്ചെടുക്കുന്ന 5967 ഘനമീറ്റർ മണ്ണിന് വേണ്ടി 2015-16, 2016-17 സമ്പത്തികവർഷങ്ങളിൽ റോയൽറ്റി ഇനത്തിൽ ഖനനഭൂവിജ്ഞാന വകുപ്പിൽ 2,38,680 രൂപ ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. എന്നാൽ പകൽവീടിന് മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിനായി നാളിതുവരെ 1214 ഘനമീറ്റർ മണ്ണ് മാത്രമാണ് ലഭ്യമായിട്ടുള്ളത്.

2016-17 സാമ്പത്തികവർഷം പ്രോജക്ട് നം.133/17 ആയി 12,34,229 രൂപയ്ക്ക് 20.03.2017ൽ

ഇ-ടെണ്ടർ ചെയ്ത ഗ്രാമീണചന്തയ്ക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ എന്ന പ്രവൃത്തി ആരംഭിച്ചത് 2017-18 സാമ്പത്തിക വർഷമായിരുന്നു. പഞ്ചായത്താഫീസിനു സമീപം ഗ്രാമീണചന്തയ്ക്കായി കണ്ടെത്തിയ സ്ഥലത്ത് (ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല) 50മീറ്റർ x 29മീറ്റർ x 2.55മീറ്റർ ഉയരത്തിൽ മണ്ണ് ഫില്ലചെയ്യുന്നതിനും (3697ഘനമീറ്റർ) പ്ലോട്ടിന്റെ ഒരു വശത്ത് 50മീറ്ററിൽ ഡ്രെയിനേജ് സംവിധാനം ഒരുക്കുന്നതിനുമായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ അളവുപുസ്തകം (പേജ് 2) പ്രകാരം 41മീറ്റർ നീളത്തിൽ ഡ്രെയിനേജ് സംവിധാനം മാത്രമെ ഒരുക്കിയിട്ടുള്ളൂ.

എഗ്രിമെന്റ് പ്രകാരം 3.3.2018 ലാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ 2017-18 സാമ്പത്തികവർഷം 213434 രൂപ പാർട്ട് ബില്ലായാണ് കരാറുകാരന് നൽകിയത്. കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽ നിന്ന് വിശദീകരണം ലഭ്യമാക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. 238680രൂപ മണ്ണിന്റെ റോയൽറ്റി ഇനത്തിൽ അടവാക്കിയിട്ടുണ്ടെങ്കിലും അടവാക്കിയ മുഴവൻ തുകയ്ക്കും മണ്ണ് ലഭ്യമാക്കുന്നതിന് അധികൃതർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. 1234229രൂപ വകയിരുത്തി ഇ-ടെണ്ടർ ചെയ്ത മേൽ സൂചിത പ്രോജക്ടിന്റെ തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ചുള്ള തീരുമാനങ്ങളോ നടപടികളോ ഫയലിൽ നിന്നും വ്യക്തമല്ല. വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ പ്രോജക്ടുകൾ ആരംഭിക്കുകയും തുടർനടപടികളില്ലാതെ പാതി വഴിയിൽ അവസാനിപ്പിക്കുകയും ചെയ്യുന്നത് അധികൃതരുടെ കെടുകാര്യസ്ഥതയാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-10 ചട്ടപ്രകാരമല്ലാതെ ബാങ്ക് അക്കൗണ്ട് ആരംഭിച്ചു

30-10-2017 ലെ 2ാം നം അജണ്ടയിലെ 2ാം നം തീരുമാനപ്രകാരം മണർകാട് ഗ്രാമപഞ്ചായത്തിനെ ISO നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി, നവീകരിച്ച പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനത്തോടനുബന്ധിച്ച് മലയാള മനോരമയിൽ പ്രസിദ്ധീകരിക്കുന്ന സപ്ലിമെന്റിനായി, പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും ഒരു സംഘാടകസമിതി രൂപീകരിക്കുന്നതിനും ഈ സപ്ലിമെന്റിലേയ്ക്ക് പരസ്യയിനത്തിൽ ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിന് വിജയപുരം സർവ്വീസ് സഹകരണ ബാങ്കിൽ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്ത സേവിംഗ്സ് അക്കൗണ്ട് തുടങ്ങുന്നതിനും തീരുമാനിക്കുകയും വിജയപുരം സർവ്വീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട് (അക്കൗണ്ട് നം. 3033). നവീകരണ ഉദ്ഘാടന സംഘാടകസമിതി എന്ന പേരിൽ ആണ് അക്കൗണ്ട് തുടങ്ങിയിരിക്കുന്നത് എന്നതിനാൽ പഞ്ചായത്തിന്റെ കണക്കുകളിൽ ഈ അക്കൗണ്ടിലെ വരവു ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല പൊതുജനങ്ങളിൽ നിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിനായി പ്രത്യേകം രസീത്ബുക്ക് അച്ചടിക്കുകയും വൗച്ചറുകൾ പ്രത്യേകം

സൂക്ഷിയ്ക്കുകയും ചെയ്തിട്ടുണ്ട്. ആകെ 294750- രൂപ സംഭാവന പിരിയ്ക്കുകയും ഇതിൽ 294121- ഉദ്ഘാടനത്തോടനുബന്ധിച്ച് ചെലവഴിയ്ക്കുകയും ചെയ്തു. 16-5-18ലെ 16(22) ാം നം തീരുമാനപ്രകാരം മിച്ചമുള്ള തുക കമ്മിറ്റിയ്ക്കായി ചെലവഴിച്ച് 22-10-18 ൽ അക്കൗണ്ട് ക്ലോസ് ചെയ്തു. പ്രത്യേക ആവശ്യം മുൻനിർത്തിയാണെങ്കിൽ കൂടി പഞ്ചായത്ത് കമ്മറ്റിയുടെ മുൻകൂർ അനുമതി കൂടാതെ ഇപ്രകാരം അക്കൗണ്ട് തുടങ്ങിയതും പ്രത്യേക രസീതുപയോഗിച്ച് പണം പിരിച്ചതും, കണക്കുകളിൽ ഉൾപ്പെടുത്താതിരുന്നതും ക്രമപ്രകാരമുള്ള നടപടിയല്ല.

## 3-11 ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ ( SPMRM)സംബന്ധിച്ച്.

കേന്ദ്രസർക്കാർ 2015 സെപ്റ്റംബറിൽ പ്രഖ്യാപിച്ച ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ ഗ്രാമവികസനവകുപ്പ് വഴി നടപ്പാക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ തെരഞ്ഞെടുത്ത ക്ലസ്റ്ററുകളുടെ സമഗ്രവും പൂർണവുമായ വികസനമാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. ക്ലസ്റ്ററുകളെ തെരഞ്ഞെടുക്കുന്നത് കേന്ദ്രമാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ആണ്.

കോട്ടയം ജില്ലയിലെ പുതുപ്പള്ളി ക്ലസ്റ്റർ പുതുപ്പള്ളി, മണർകാട് പഞ്ചായത്തുകൾ ഉൾപ്പെട്ടതാണ്. ക്ലസ്റ്ററിന്റെ സമഗ്രവികസനത്തിന് ഇൻഗ്രേറ്റഡ് ആക്ഷൻപ്ലാൻ തയാറാക്കണം. ഇപ്രകാരം തയാറാക്കിയ പദ്ധതികളുടെ ന്യൂനത പരിഹരിക്കുന്നതിന് ഒരു ക്ലസ്റ്ററിന് 30 കോടിരൂപവരെ ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട് ആയി (ആകെ പദ്ധതിചെലവിന്റെ 30%) കേന്ദ്രസർക്കാർ നല്കും.

ഇപ്രകാരം പുതുപ്പള്ളി ക്ലസ്റ്റർ വികസനത്തിന് മണർകാട് ഗ്രാമപഞ്ചായത്തിന് 2017-18 വർഷം 28772112 രൂപ ലഭ്യമായി. ഇതിൽ 17995319/-രൂ പഞ്ചായത്തിലെ പൈപ്പ് ലൈൻ നീട്ടലിനായി കേരള വാട്ടർ അതോറിട്ടിയിൽ 9-3-18 ൽ നിക്ഷേപിക്കുകയും 23/2/18 ൽ കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി നിലവിൽ തുടർന്നുവരുന്നു.

## 3-12 ആശ്രയ

ആശ്രയ പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.0779101014182, കനറാ ബാങ്ക്, മണർകാട്) 31-3-18 ൽ 4076570- രൂപ നീക്കിയിരിപ്പുണ്ട്. (ഇതിൽ പ്ലാൻഫണ്ട് 1998000- രൂപയും, ചലഞ്ച് ഫണ്ട് 636878- രൂപയും കമ്പ്യൂട്ടർ ഫണ്ട് 23616- രൂപയും, പലിശ 1418076- രൂപയും ഉൾപ്പെടുന്നു). 2009 ൽ ഒന്നാം ഘട്ട പദ്ധതി അവസാനിച്ചെങ്കിലും തുടർ പ്രോജക്ട് തയ്യാറാക്കിയില്ല. മാത്രമല്ല 2ാം ഘട്ടപദ്ധതിപ്രവർത്തനങ്ങളും നടപ്പാക്കിയില്ല. സ.ഉ (എംഎസ്) 252/2017/തസ്വഭവ/ 12-12-17 പ്രകാരം അഗതിരഹിതകേരളം എന്ന പേരിൽ പുതിയപദ്ധതി തുടങ്ങുകയും

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈസാഹചര്യത്തിൽ മൂന്നാം ഘട്ടത്തിനായി 76 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. പുതിയപദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 3-1-2 ൽ ആശ്രയ ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും കാസ് ഓഡിറ്റ് പൂർത്തിയാക്കി അക്കൗണ്ടുകളിൽ മിച്ചമുള്ള തുക മൂന്നാം ഘട്ട പദ്ധതിയ്ക്കായി ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിയ്ക്കുവാനും, ഖണ്ഡിക 3-4ൽ, അക്കൗണ്ടിലേക്ക് മാറ്റുന്ന തുകയിൽ ചലഞ്ച് ഫണ്ട്, അതിന്റെ പലിശ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകി വേണം അക്കൗണ്ട് ക്ലോസ് ചെയ്യാൻ എന്നും നിർദ്ദേശിച്ചിരിയ്ക്കുന്നു. എന്നാൽ അക്കൗണ്ടിൽ മിച്ചമുള്ള വികസനഫണ്ട് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം/തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 18.01.2018 | 150000 | ശാരീരിക, മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 19.01.18 | 1000000 | എസ് സി സ്ഥലം വാങ്ങൽ | | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 23.11.2017 | 50000 | ക്ഷീര കർഷകർ മുഖേന ശേഖരിക്കുന്ന പാലിന് സബ്സിഡി | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 12.01.2018 | 612750 | കിണർ റീചാർജ്ജിംഗ് | 0 | 612750 |
| ബ്ലോക്ക് പഞ്ചായത്ത് | 24.02.2018 | 150000 | ശാരീരിക, മാനസീക വെല്ലുവിളി നേരിടുന്നവർക്ക് | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 12.02.2018 | 117767 | ഇളപ്പുങ്കൽപ്പടി വാളത്താറ്റുപടി റോഡ് ടാറിംഗ് | 0 | 117767 |
| ബ്ലോക്ക് പഞ്ചായത്ത് | 12.02.2018 | 212500- | നെൽകൃഷി കൂലി ചെലവ് സബ്സിഡി | 168912 | 43588 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വൗച്ചർ/ ചെക്ക് നമ്പർ | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 10776144 | 211436/9.03.2018 | 1076144 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്നത് | 1384188 |
| തൻവർഷം നിക്ഷേപിച്ച തുക | ---------- |
| പലിശ | 77095 |
| ആകെ | 1461283 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -------- |

| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1461283 |
|---|---|

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്കുകൾ പ്രകാരം ഈയിനത്തിൽ തൻവർഷം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര് തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം. എന്നിവ ലഭ്യമല്ല. വാർഷിക കണക്ക് പ്രകാരമുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈയിനത്തിൽ 2017-18 വർഷം ലഭിച്ച 83285രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. തീയ്യതി |
|---|---|---|---|---|
| | | 750 | സെക്രട്ടറി, മണർകാട് ഗ്രാമപഞ്ചായത്ത് | 117030100173/31.3.18 |
| | | 14570 | പ്രിൻസിപ്പൽ, സെന്റ് മേരീസ് കോളേജ് | 117030100440/31.3.18 |
| | | 3600 | പ്രിൻസിപ്പൽ, സെന്റ് മേരീസ് കോളേജ് | 117030100452/31.3.18 |
| | | 2650 | രാജേഷ് മെറ്റൽസ് | 117030100973/31.3.18 |
| | | 870 | രാജേഷ് മെറ്റൽസ് | 117030100974/31.3.18 |
| | | 7450 | ശുഭ ജോസഫ്, ഇൻഫന്റ് ജീസസ് സ്കൂൾ | 117030101177/31.3.18 |

| | | | | |
|---|---|---|---|---|
| | | 4050 | സെലിനാമ്മ കെ.കെ. ഇൻഫന്റ് ജീസസ് സ്കൂൾ | 117030102317/31.3.18 |
| | | 4750 | ത്രേസ്യാമ്മ ചെറിയാൻ | 117030102318/31.3.18 |
| | | 1250 | രാജേഷ്കമാർ വി.ഇ.ഒ. | 117030102482/31.3.18 |
| | | 240 | രാജു എബ്രഹാം, കോൺട്രാക്ടർ | 117030103896/31.3.18 |
| | | 240 | അലി മാത്യു, കോൺട്രാക്ടർ | 117030103894/31.3.18 |
| | | 240 | അലി മാത്യു, കോൺട്രാക്ടർ | 117030103894/31.3.18 |
| | | 240 | രാജു എബ്രഹാം, കോൺട്രാക്ടർ | 117030103896/31.3.18 |
| | | 2160 | ക്രൗൺ ഡെന്റൽ ലാബ് | 117030104445/31.3.18 |
| | | 1200 | പ്രകാശം മെഡിക്കൽസ് | 117030104446/31.3.18 |
| | | 240 | പ്രകാശം മെഡിക്കൽസ് | 117030104446/31.3.18 |
| | | 240 | പ്രകാശം മെഡിക്കൽസ് | 117030104446/31.3.18 |
| | | 1260 | പ്രൊപ്രൈറ്റർ, റ്റി.എം. എബ്രഹാം, മറീന റബ്ബർ വർക്സ് | 117030104560/31.3.18 |
| | | 1260 | പ്രൊപ്രൈറ്റർ, റ്റി.എം. എബ്രഹാം, | 117030104559/31.3.18 |

| | | | | |
|---|---|---|---|---|
| | | | മറീന റബ്ബർ വർക്ക്സ് | |
| | | 5040 | എ.വി.എം. റബ്ബേഴ്സ്, മണർകാട് | 117030104684/31.3.18 |
| | | 5040 | എ.വി.എം. റബ്ബേഴ്സ്, മണർകാട് | 117030104982/31.3.18 |
| | | 3500 | ബേസ് ഹോസ്പിറ്റൽ | 117030105790/31.3.18 |
| | | 1680 | മാനേജർ. കെ.ആർ. ബേക്കേഴ്സ് | 117030110241/31.3.18 |
| | | 200 | അമേഷ് കെ എസ് | 117030107931/31.3.18 |
| | | 4000 | കുരുവിള മാണി | 117030101302/31.3.18 |
| | | 4000 | കുരുവിള മാണി | 117030101302/31.3.18 |
| | | 7740 | ബെസ്റ്റ് ബേക്കേഴ്സ് | 117030105695/31.3.18 |
| | | 600 | അമേഷ് കെ എസ് | 117030107932/31.3.18 |
| | | 4225 | ന്യൂ ഇൻഡ്യ ഇൻഷുറൻസ് കമ്പനി | 117030500068/31.3.18 |
| ആകെ | | 83285 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

2013-14 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം നിരാകരിച്ച 25000/- രൂപ ഉത്തരവാദിയായ സെക്രട്ടറി ശ്രീമതി. അനിത.എ. തോമസിൽ നിന്ന് ഈടാക്കുന്നതിന് കെ.എസ്.എ. 12926/സ്പെ.സെൽ./സി.എസ്.സി.-സി13/2015/30.12.2015 പ്രകാരം സർചാർജ്ജ് നോട്ടീസ് നൽകി. 9.11.2016-ലെ കെ.എസ്.എ. 12926/സ്പെ.സെൽ/ സി.എസ്.സി/സി13/2015 കത്തു മുഖേന നഷ്ട തുക ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിൻ പ്രകാരം 6.1.2017-ലെ കെ.എസ്.എ.കെ.ടി.എം. പി15/820/2016 കത്ത് മുഖേന സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച നടപടി ഇനിയും തീർപ്പാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 112387689.65 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 82127679 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4799381 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 498917 | ശ്രീ ബിജുകുമാർ എം. സെക്രട്ടറി |
| 3-3 | 567499 | ശ്രീ ബിജുകുമാർ എം. സെക്രട്ടറി |
| 3-4 | 3438095 | ശ്രീ ബിജുകുമാർ എം. സെക്രട്ടറി |
| 3-8 | 294870 | ശ്രീമതി. ദീപ കൃഷ്ണൻകുട്ടി. അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ------ | ----- | |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 2002-03 | എൽ.എഫ്.കെ.പി.6-/744/07/18.4.08 | |
| 2003-04 | കെ എസ് എ കെടിഎം പി13-അദാ-18/189(1)1-2-18. | 3 |
| 2004-05 | കെ എസ് എ കെടിഎം പി13-അദാ-18/189(2)1-2-18. | 4 |
| 2005-06 | കെ എസ് എ കെടിഎം പി13-അദാ-18/189(3)1-2-18. | 3 |
| 2006-07 | കെ എസ് എ കെടിഎം പി13-അദാ-18/189(4)1-2-18. | 8 |
| 2007-08 | കെ എസ് എ കെടിഎം പി13-അദാ-18/189(5)1-2-18. | 6 |
| 2008-09 | കെ എസ് എ കെടിഎം പി13-അദാ-18/189(9)1-2-18. | 3 |
| 2009-10 | കെ എസ് എ കെടിഎം പി13-അദാ-18/189(7)1-2-18. | 2 |
| 2010-11 | കെ എസ് എ കെടിഎം പി13-അദാ-18/189(8)1-2-18. | 4 |
| 2011-12 | കെ എസ് എ കെടിഎം പി13-അദാ-18/189(6)1-2-18. | 4 |
| 2012-13 | എൽ.എഫ്.കെ.പി.12-825/14/11.8.15 | 17 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി12-241/16/16.03.16/26.03.16 | 9 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി13-1129/16/29.05.17 | 24 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12-1737/16/21.11.16 | 23 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1384/17/23.01.18 | 23 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക

തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ-കെടിഎം.പി.13/ 1958/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 15.11.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം